സബ്മിഷൻ

കണ്ണൂർ വിമാനത്താവളം

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിന്റെ ആവശ്യങ്ങളോട് കേന്ദ്രം കാണിക്കുന്ന കടുത്ത അവഗണനയുടെ ഉദാഹരണമാണ് കണ്ണൂർ വിമാനത്താവള നിർമ്മാണം. കേരളത്തിന്റെ അഭിമാനകരമായ പ്രോജക്ടാണ് കണ്ണൂർ വിമാനത്താവളം. അതിന്റെ 95 ശതമാനം വർക്കും പൂർത്തിയായി. രാജ്യത്തെ നാലാമത്തെ ഏറ്റവും മികച്ച എയർപോർട്ട് എന്ന നിലയിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ ആ വിമാനത്താവളത്തിന്റെ ചിറകരിയുന്ന രീതിയിലാണ് കേന്ദ്ര വ്യോമയാന വകുപ്പ് ഒരു സമീപനം സ്വീകരിച്ചിരിക്കുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫ്ലാഗ്ഷിപ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 85 ശതമാനം വർക്കും പൂർത്തിയായി. ഇപ്പോഴത്തെ നിലയ്ക്ക് ഏതാണ്ട് 95 ശതമാനം വർക്കും പൂർത്തിയായിക്കഴിഞ്ഞു. ഏറ്റവും മികച്ച ഗ്രീൻഫീൽഡ് എയർപോർട്ടാണിത്. ഇന്ത്യയിലെ നാലാമത്തെ എയർപോർട്ട് എന്ന ഖ്യാതി കണ്ണൂരിനുണ്ട്. അങ്ങനെ കണ്ണൂർ വിമാനത്താവളത്തിന്റെ വർക്ക് മുന്നോട്ടുപോകുന്ന അവസരത്തിലാണ് ഇപ്പോൾ ഉഡാൻ പദ്ധതിയിൽനിന്ന് കണ്ണൂരിനെ

ഒഴിവാക്കിയിരിക്കുന്നുവെന്ന് പറയുന്നത്. ഇതിനെക്കുറിച്ച് ഒരു പത്രവാർത്തയുണ്ടായിരുന്നു. 'കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഉഡാൻ പദ്ധതിയിൽ കണ്ണൂരിൽനിന്നുള്ള സർവ്വീസുകൾ ജൂണിൽ തുടങ്ങാൻ തീരുമാനമായി. എയർപോർട്ട് പൂർണ്ണമായി പ്രവർത്തനം തുടങ്ങുന്നതിനുമുമ്പുതന്നെ ചെലവുകുറഞ്ഞ ഉഡാൻ സർവ്വീസ് ആരംഭിക്കുമെന്ന് വ്യോമയാന സെക്രട്ടറി ശ്രീ. ആർ. എൻ. ചൗബേ പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയിച്ചു.' ഉഡാൻ സർവ്വീസ് എന്നുപറഞ്ഞാൽ ഡൊമസ്റ്റിക് എയർലൈൻസ് നടത്തുന്ന സർവ്വീസുകൾക്ക് നഷ്ടമുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റും കേരളവും ചേർന്ന് Viability Gap Funding-ലൂടെ ആ നഷ്ടം നികത്തിക്കൊടുക്കും. അതുകൊണ്ട് ഡൊമസ്റ്റിക് സർവ്വീസ് നടത്താൻ ആരും മടിക്കേണ്ട കാര്യമില്ല, അത് നഷ്ടമുണ്ടാവുകയില്ല. ഉഡാൻ പദ്ധതിയിൽ കണ്ണൂരിനെ ഉൾപ്പെടുത്തുമെന്ന് പാർലമെന്റ് കമ്മിറ്റിയെ അറിയിച്ചശേഷം ഇപ്പോൾ പറയുന്നു കണ്ണൂരിനെ ഒഴിവാക്കിയിരിക്കുന്നുവെന്ന്. രണ്ടാമത്തേത് ഇന്റർനാഷണൽ ഓപ്പറേഷൻസാണ്. ഈ വിമാനത്താവളം പൂർത്തിയാകുമ്പോൾ പ്രാഥമിക സർവ്വേ അനുസരിച്ച് ഏറ്റവുമധികം ഓപ്പറേഷൻ നടത്താൻ സാധ്യതയുള്ളതാണ് കണ്ണൂർ വിമാനത്താവളം. കാസർഗോഡ്, മംഗലാപുരം,

കണ്ണൂർ, കുർഗ് മേഖല എന്നിവിടങ്ങളിൽ ധാരാളം പാസഞ്ചേഴ്സ് ലഭ്യമാകുന്ന ഒരു സർവ്വീസായിട്ടാണ് ഇതിനെ കണക്കാക്കുന്നത്. അതുകൊണ്ടുതന്നെ അന്തർദേശീയ വിമാന സർവ്വീസുകളായ എമിറൈറ്റ്സ്, ഫ്ലൈ ദുബായ്, എത്തിഹാദ്, എയർ അറേബ്യ, ഖത്തർ എയർവേസ് എന്നീ കമ്പനികളെല്ലാം കേന്ദ്രഗവൺമെന്റിനെ സമീപിച്ചു. അങ്ങനെയിരിക്കുന്ന അവസരത്തിൽ ഏറ്റവും തിരക്കുള്ള റൂട്ടായി മാറുന്ന കണ്ണൂർ വിമനത്താവളത്തിന്റെ വിദേശ എയർലൈൻസിനുള്ള അനുവാദം കൊടുക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് മടികാണിക്കുന്നു. ഇത് വിമാനത്താവളത്തിന്റെ എല്ലാ വികസനത്തെയും ബാധിക്കും. അത് എക്കണോമിക്കലി വയബിളവുകയില്ല. അങ്ങ് ഡൽഹിയിൽ പോയപ്പോൾ പ്രധാനമന്ത്രിയെ കണ്ടുവെന്ന വാർത്ത വായിക്കാനിടയായി. ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണം. കണ്ണൂർ വിമാനത്താവളത്തിന്റെ വികസനം ഉത്തര മലബാറിന്റെ വലിയ പ്രതീക്ഷയാണ്. ആ നിലയ്ക്ക് ഗവൺമെന്റ് നൽകിയ വാഗ്ദാനം പാലിക്കാനുള്ള ബാധ്യതയുണ്ട്. ഇന്റർനാഷണൽ ഓപ്പറേഷൻസിൽ ജയിക്കില്ല. കേരളത്തിന്റെ ഏറ്റവും വലിയ വരുമാന മാർഗ്ഗം ഗൾഫിൽ നിന്നുള്ള യാത്രക്കാരാണ്. അവിടെ ആ ഓപ്പറേഷനില്ലെങ്കിൽ അത് നടക്കുകയില്ല. അതുകൊണ്ട് കണ്ണൂർ വിമാനത്താവളത്തിന്റെ വികസനം കണക്കിലെടുത്ത്

കേന്ദ്രഗവൺമെന്റിന്റെ നയം തിരുത്താൻ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ കെ. സി. ജോസഫ് പറഞ്ഞ കാര്യത്തിൽ ഒരു തിരുത്തുള്ളത് ഞാൻ ആദ്യം പറയാം. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തല്ല 1996-ലെ നായനാർ ഗവൺമെന്റിന്റെ കാലത്താണ് ഇതിന് തുടക്കംകുറിച്ചത്. തുടർന്നുള്ള ഗവൺമെന്റ് അക്കാര്യത്തിൽ ഒന്നും ചെയ്തില്ല. അങ്ങനെയാണ് പിന്നീടുവന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് അതിന്റെ നടപടികൾ തുടർന്നുപോയത്. അങ്ങ് ഓർമ്മപ്പിശകുകൊണ്ട് പറഞ്ഞതായിരിക്കുമെന്നാണ് തോന്നുന്നത്. കേന്ദ്ര സർക്കാരിന്റെ റീജിയണൽ കണക്ടിവിറ്റി പദ്ധതിയായ ഉഡാൻ പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് ചെന്നൈ, ബാംഗ്ലൂർ, ഹുബ്ബള്ളി, ഹിന്റൻ, മുംബൈ, കൊച്ചി, ഗോവ, തിരുവനന്തപുരം തുടങ്ങിയ റൂട്ടുകളിൽ ഇരുപത്തി നാലോളം ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്നതിന് സ്പൈസ് ജെറ്റ്, ഇൻഡിഗോ എന്നീ വിമാന കമ്പനികളെ അനുവദിക്കുന്നതിന് ഉത്തരവായിരുന്നു. ഇതിനുപുറമെ ജെറ്റ് എയർവേസിനും ഗോ എയറിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും യഥാക്രമം

ദമാമിലേയ്ക്കും അബുദാബിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അന്താരാഷ്ട്ര വ്യോമഗതാഗത അനുമതി ലഭിച്ചിട്ടുണ്ട്. എയർ ഇന്ത്യ എക്സ്പ്രസും 6 ഗൾഫ് രാജ്യങ്ങളിലേയ്ക്ക് സർവ്വീസ് നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. മറ്റ് പത്തോളം വിമാന കമ്പനികളും ഇവിടെനിന്നും സർവ്വീസ് നടത്താനുള്ള അന്തിമ ചർച്ച നടന്നുവരുന്നു. എന്നാൽ താരിഫ് നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റി നടത്തിയ യോഗത്തിൽ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി വിമാന സർവ്വീസുകൾ നടത്തിയാൽ വലിയ വിമാനത്താവളങ്ങളുടെ പട്ടികയിൽ ഉൾപ്പെടുകയില്ലെന്നും ആയതിനാൽ താരിഫ് നിർണ്ണയിക്കാനാവില്ലെന്നും അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഉഡാൻ സ്കീമിൽ നിന്നും പിന്മാറണമെന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ അഭ്യർത്ഥന അടുത്ത ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുന്നതാണ്. യഥാർത്ഥത്തിൽ ഈ ഉഡാൻ സ്കീം വിമാനത്താവളത്തിന്റെ സുഗമമായ പ്രവർത്തനത്തിനും അതിന്റെ വിപുലീകരണത്തിനും തടസ്സമായി വരുമെന്നാണ് പറയുന്നത്. ചെറിയ കാര്യങ്ങൾക്കുവേണ്ടി മാത്രം ഉണ്ടാക്കി വച്ചതാണ് ആ സ്കീം.

അത് തെറ്റിദ്ധരിച്ചാണ് ഇതിന്റെ ഭാഗമാകാൻ ആദ്യം നമ്മൾ തയ്യാറായത്. ഇപ്പോൾ അതിൽ നിന്ന് പിൻവാങ്ങുന്നതാണ് നല്ലത് എന്നുള്ള നിലയിലാണ്.

അങ്ങ് ചൂണ്ടിക്കാണിച്ച അന്താരാഷ്ട്ര സർവ്വീസുകളുടെ കാര്യം, വിദേശ കമ്പനികളുടെ എയർ ക്രാഫ്റ്റുകൾ ഇവിടെ വരുന്നെങ്കിൽ മാത്രമേ അങ്ങ് പറഞ്ഞതുപോലെ ഇത് ലാഭകരമാകൂ എന്നുള്ളത് ശരിയാണ്. അത് കഴിഞ്ഞ നീതി ആയോഗ് യോഗത്തിന് പോയപ്പോൾ പ്രധാനമന്ത്രിയോട് നേരിട്ട് സംസാരിച്ചിട്ടുണ്ട്. അതിൽ പ്രധാനമന്ത്രിയുടെ ഇടപെടൽ വേണമെന്ന് പറഞ്ഞു. അദ്ദേഹം ഇടപെടാമെന്ന് എനിക്ക് വാക്ക് തന്നിട്ടുണ്ട്. അതിന് ഫലപ്രദമായ നടപടിയുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>പ്രതികളെ കണ്ടെത്തൽ</u>

<u>ശ്രീ. പി. ഉണ്ണി:</u> സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പണംകുഴിക്കോണം പഞ്ചായത്തിൽ ഏതാണ്ട് ഒന്നരവർഷം മുമ്പ് ഒരു ഇരട്ടക്കൊലപാതകം നടന്നു. 2016 നവംബർ മാസം 16-ാം തീയതി അർദ്ധരാത്രിയാണ് ആ കൊലപാതകം നടന്നത്. ഇതിന്റെ

അന്വേഷണം ആദ്യഘട്ടത്തിൽ തന്നെ മന്ദഗതിയിലാണ് നടക്കുന്നതെന്ന അഭിപ്രായം ജനങ്ങൾക്കുള്ളതുകൊണ്ട് അവർ ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് കേസ്സന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഈ നിവേദനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ക്രൈംബ്രാഞ്ചാണ് ഈ കേസ് ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്രയും കാലതാമസമുണ്ടായിട്ടും കുറ്റവാളികളെ കണ്ടുപിടിക്കുന്ന കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. കുറ്റവാളികൾ ഏത് തരത്തിലുള്ളതാണെങ്കിലും കൊള്ളയാണെങ്കിലും കൊലപാതകമാണെങ്കിലും കവർച്ചയാണെങ്കിലും ഏത് തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെയും അതിസമർത്ഥമായി ശാസ്ത്രീയമായി പിടികൂടാൻ കെൽപ്പുള്ള, കഴിവുള്ള ഒരു പോലീസ് സേനയാണ് കേരളത്തിലുള്ളത് എന്നാണ് പൊതുവിൽ ജനങ്ങൾ മനസ്സിലാക്കുന്നതും അതുതന്നെയാണ് ഞാൻ കാണുന്നതും. ഇത്രയും സന്നാഹങ്ങളും സൗകര്യങ്ങളും എല്ലാമുള്ള കേരളത്തിലെ പോലീസ് സേനാവിഭാഗത്തിന് പ്രത്യേകിച്ച് ക്രൈംബ്രാഞ്ചിന് ഇതിന്റെ

കുറ്റവാളികളെ പിടികൂടാൻ കഴിയാത്തതിലുള്ള പരിഭ്രാന്തി അവിടത്തെ ജനങ്ങൾക്കുണ്ട്. എത്രയും പെട്ടെന്ന് ഈ കുറ്റവാളികളെ പിടികൂടാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ആവശ്യപ്പെടാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പാലക്കാട് ശ്രീകൃഷ്ണപുരത്ത് ഗോപാലകൃഷ്ണനെയും ഭാര്യ അമ്മുക്കുട്ടി എന്ന തങ്കമണിയെയും 14.11.2016-ൽ ആരോ രാത്രി വീട്ടിൽ അതിക്രമിച്ച് കയറി കൊലപ്പെടുത്തി 3 പവൻ സ്വർണ്ണാഭരണം കവർച്ച ചെയ്തു. ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ.753/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും തുടർന്ന് കേസ് ക്രൈംബ്രാഞ്ചിലേയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. 185 സാക്ഷികളെ നേരിൽ കണ്ട് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. പരിസരങ്ങളിലെ അന്യസംസ്ഥാനക്കാർ, സ്ഥലം കച്ചവട ബ്രോക്കർമാർ, കൊല്ലപ്പെട്ട ഗോപാലകൃഷ്ണനും തങ്കമണിയും ആധാരം ചെയ്യാനുദ്ദേശിച്ച സ്ഥലത്തിന്റെ ബ്രോക്കർ എന്നിവരെപ്പറ്റി വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. സംഭവസ്ഥലത്തുനിന്ന് ലഭിച്ച വിരലടയാളങ്ങൾ നാഷണൽ ക്രൈം

റെക്കോർഡ്സ് ബ്യൂറോയുടെ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്. പ്രദേശത്തെ മുഴുവൻ ഫോൺ വിളികളുടെയും വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കമ്പം, തേനി, ഒട്ടംചത്രം എന്നിവിടങ്ങളിൽ അന്വേഷണം നടത്തിയിരുന്നു. സംഭവദിവസം സ്ഥലത്തുനിന്നും കാണാതായ പരിസരവാസിയെ ചോദ്യം ചെയ്തതിൽ നിന്നും ഉത്തരങ്ങളിൽ വൈരുദ്ധ്യമുള്ളതിനാൽ ഈ വ്യക്തിക്ക് ബന്ധമുള്ള മദ്രാസിലെ പണമിടപാട് സ്ഥാപനങ്ങളിലും അന്വേഷണം നടത്തിയിരുന്നു. സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തി അടിയന്തരമായി പ്രതികളെ കണ്ടെത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊച്ചിൻ റിഫൈനറിയിൽ നിന്നുള്ള മലിനീകരണം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള ഇൻഡ്യയിലെ തന്നെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും ആ സ്ഥാപനം നിലനിർത്തുവാനും ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടത്തുവാനും ഏറ്റവും കൂടുതൽ

പ്രോത്സാഹനം കൊടുത്ത ഒരു സ്ഥാപനമാണ്. ഇപ്പോൾ 24,500 കോടി രൂപയുടെ പ്രോജക്ട് അത് പൂർത്തീകരിച്ചു. ഇപ്പോൾ 4,500 കോടി രൂപയുടെ പെട്രോ കെമിക്കൽസ് എന്ന ഒരു പ്രോജക്ട് കൂടി വരാൻ പോകുകയാണ്. ഇപ്പോൾ അവിടെയുള്ള പ്രശ്നം, ഈ വികസന പ്രവർത്തനങ്ങൾക്കെല്ലാം നൂറുശതമാനം പിന്തുണ കൊടുക്കുന്ന പഞ്ചായത്ത് ജനപ്രതിനിധികൾ, എം.എൽ.എ., എം.പി. അടക്കമുള്ള ആളുകളും സംസ്ഥാന ഗവൺമെന്റും ഏത് പ്രോജക്ട് വന്നാലും അതിനെ സപ്പോർട്ട് ചെയ്യുകയാണ്. അവിടെയുള്ള ജനങ്ങളും അതിനെ സപ്പോർട്ട് ചെയ്യുകയാണ്. 24,500 കോടി രൂപയുടെ പ്രോജക്ടും അതിനുശേഷം 4,500 കോടി രൂപയുടെ പ്രോജക്ടുമൊക്കെ വന്നതിനുശേഷം പരിസരവാസികളായ ആളുകൾക്ക് ഒട്ടനവധി ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷം അവിടെ അമ്പലമേട് ഹയർ സെക്കൻഡറി സ്കൂളിൽ റിഫൈനറിയിൽ നിന്നുള്ള വാതകചോർച്ചയെ തുടർന്ന് ആ സ്കൂൾ തന്നെ മാറ്റി സ്ഥാപിക്കേണ്ടി വന്നു. അങ്ങനെ ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ടാകുകയാണ്. അവിടെ കൊച്ചുകുട്ടികൾ മുതൽ പ്രായമായിട്ടുള്ള ആളുകൾ വരെ ഈ പരിസര മലിനീകരണത്തെ തുടർന്ന്

ചികിത്സയിലാണ്. ഇപ്പോൾ സമീപവാസികളായ ആളുകളെല്ലാം ഈ പ്രശ്നം ഉന്നയിച്ച് സ്ഥലം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമരത്തിലാണ്. ആ സമരത്തിൽ പഞ്ചായത്തുകളും റസിഡൻസ് അസോസിയേഷൻകാരും ജനങ്ങളും സമരം ചെയ്യുന്നു. ഞാനും ആ സമരത്തിൽ പങ്കെടുത്തിട്ടുള്ള ആളാണ്. ഇപ്പോഴുള്ള പ്രശ്നം, അവിടെ ഗ്രീൻ ബെൽറ്റുണ്ടെന്ന് കമ്പനി പറയുന്നു. യഥാർത്ഥത്തിൽ ഗ്രീൻ ബെൽറ്റുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് തന്നെ പരിശോധിക്കേണ്ടതാണ്. നമുക്കുള്ള പ്രശ്നം ഈ മതിലിനോട് ചേർന്ന് ഒട്ടനവധി കുടുംബങ്ങൾ കഴിയുകയാണ്. അവർക്ക് എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാവുന്ന സ്ഥിതിയാണ്. മതിലിനോട് ചേർന്ന് നൂറുകണക്കിന് കുടുംബങ്ങൾ അവിടെ താമസിക്കുമ്പോൾ അവരുടെ ജീവൻ സംബന്ധിച്ചും ആരോഗ്യം സംബന്ധിച്ചുമൊക്കെ ആശങ്ക സ്വാഭാവികമായിട്ടുണ്ടാകും. ആ സ്ഥലങ്ങൾ മറ്റാരും വാങ്ങില്ല. അതുകൊണ്ട് കൊച്ചിൻ റിഫൈനറി തന്നെ അവരുടെ നാളത്തെ എക്സ്പാൻഷനുവേണ്ടി ഉപയോഗിക്കുകയോ ഒരു 500 മീറ്റർ ഗ്രീൻ ബെൽറ്റായി ഉപയോഗിക്കുകയോ അങ്ങനെ എന്തെങ്കിലും ചെയ്യും. അത്

വൺമെന്റ് മുൻകയ്യെടുത്താൽ മാത്രമേ നടക്കൂ. റിഫൈനറിയോട് അഭ്യർത്ഥിച്ചാൽ ഞങ്ങൾക്ക് ഒരു പുതിയ പ്രോജക്ട് വന്നാൽ മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് അവർ പറയും. അവർ അതിനൊരു കാരണം പറയുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ കൊച്ചിൻ റിഫൈനറിയുടെ ഇവിടെയുള്ള ഉദ്യോഗസ്ഥരുമായി സംസാരിച്ചാൽ നടക്കില്ല; മുംബൈയിലുള്ള ചെയർമാനടക്കമുള്ള ആളുകളോട് ഈ സ്ഥിതിവിശേഷം ഗൗരവകരമായി ബോദ്ധ്യപ്പെടുത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള ഈ ഗവൺമെന്റ് സപ്പോർട്ട് ചെയ്യുന്നതു കൊണ്ടാണ് അവിടെയുള്ള എല്ലാ കാര്യങ്ങളും നടന്നുപോകുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ വിഷയത്തിൽ നേരിട്ട് ഇടപെട്ട് മുംബൈയിലുള്ള ചെയർമാനുമായി സംസാരിച്ച് പരിസരവാസികളായിട്ടുള്ള ആളുകളുടെ സമരവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപെട്ട് അവരുടെ ജീവൻ സംരക്ഷിക്കുവാനും അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും പരിസരവാസികളുടെ സ്ഥലം അടിയന്തരമായി ഏറ്റെടുക്കുവാനുമുള്ള നടപടികൾ, ആ സ്ഥലത്തിന്റെ

വിലയെ സംബന്ധിച്ച് കളക്ടർ തീരുമാനമെടുത്താൽ മതി; അതിൽ ആർക്കും തർക്കമില്ല. അടിയന്തരമായി 500 മീറ്ററെങ്കിലും ഗ്രീൻ ബെൽറ്റാക്കി മാറ്റി പരിസരവാസികളായ ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. റിഫൈനറി ഉണ്ടാക്കുന്ന പ്രശ്നങ്ങൾ അവിടെ വളരെ രൂക്ഷമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലുള്ളതാണ്, അവിടെ ഒരു പെറ്റ് കോക്ക് പ്ലാന്റ് പുതിയതായി പ്രവർത്തനമാരംഭിച്ചു. അതിനുശേഷം ഇപ്പോഴുള്ള വിഷയത്തിന്റെ പതിന്മടങ്ങ് പ്രശ്നങ്ങൾ വർദ്ധിച്ചിരിക്കുകയാണ്. അതിൽ നിന്നുണ്ടാകുന്ന കാർബൺ പൊടി ആ പരിസരമാകെ പടർന്നുപിടിച്ച് അവിടെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ കുഞ്ഞുങ്ങൾക്കുൾപ്പെടെ ഉണ്ടാകുന്നുവെന്നുള്ളതാണ്. ഇതിനോടൊപ്പം തന്നെ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, അവിടത്തെ കുടുംബങ്ങളെ ഏറ്റെടുക്കണമെന്നുള്ള കാര്യവും. അതിന്റെ ചുറ്റുമുള്ള പാടശേഖരങ്ങൾ

കൃഷിയോഗ്യമല്ലാതെയായിട്ട് 40 വർഷത്തോളം പിന്നിടുകയാണ്. ചിത്രപ്പുഴ ഉൾപ്പെടെ ഏതാനും പ്രദേശങ്ങളിലുള്ള പാടശേഖരങ്ങൾ ഏറ്റെടുക്കണമെന്നാണ് പറയുന്നത്. അവർക്കെന്തായാലും ഇനി ഉപയോഗിക്കാൻ കഴിയില്ല. അങ്ങനെയുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആ ഗ്രീൻ ബെൽറ്റ് വ്യാപിപ്പിക്കുവാനുള്ള സാഹചര്യമുണ്ടാക്കാൻ കഴിയും. അങ്ങനെയുള്ള കാര്യങ്ങളൊക്കെ പറയുമ്പോൾ ഇവർ അതിലേയ്ക്ക് തിരിഞ്ഞുനോക്കാൻ പോലും തയ്യാറാകുന്നില്ല. അതോടൊപ്പംതന്നെ അവിടെ ടാങ്കർ ലോറികൾ പാർക്ക് ചെയ്യുന്നതു കൊണ്ടുണ്ടാകുന്ന ഗതാഗത പ്രശ്നങ്ങളും അതിന്റെ പേരിൽ അവിടെയുണ്ടാകുന്ന അപകടങ്ങൾ മറ്റൊരു ഭാഗത്ത്. റിഫൈനറി പലപ്പോഴും അവിടത്തെ ജനങ്ങളുമായി സഹകരിച്ചുപോകാത്ത നിലയിലാണ്. അതുകൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വളരെ രൂക്ഷമാണ്. അവിടത്തെ പാടശേഖരങ്ങളും തോടുകളും മലിനമാകുന്നു. ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്, ചിത്രപ്പുഴ - മാമല ബണ്ട് റോഡ് രൂപീകരിക്കാനായി ഒരു പദ്ധതി അവിടെയുണ്ട്. ഈ ബണ്ട് റോഡ്

രൂപീകരിക്കുന്ന സ്ഥലത്തുകൂടി ഇപ്പോൾ ഒരു ഗ്യാസ് പൈപ്പ് ലൈൻ പോയിരിക്കുകയാണ്. അതുകാരണം ആ പദ്ധതി തന്നെ അനിശ്ചിതത്വത്തിലായി നിൽക്കുന്നു. അത്തരത്തിലുള്ള കാര്യങ്ങളിലേയ്ക്ക് ഇടപെടാൻ കളക്ടറുൾപ്പെടെ റിഫൈനറി അധികൃതരോട് ആവശ്യപ്പെട്ടിട്ടും അവർ നിഷേധാത്മക സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ വിഷയങ്ങളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു യോഗം വിളിച്ച് ചേർക്കുവാനും അങ്ങ് തന്നെ ഇടപെട്ടുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളിൽ പരിഹാരമുണ്ടാക്കണമെന്നും ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് ബി.പി.സി.എൽ. പുത്തൻകുരിശ് വില്ലേജിൽ ബി.പി.സി.എൽ. കമ്പനിക്ക് ചുറ്റും താമസിക്കുന്ന നിരവധി റെസിഡന്റ്സ് അസോസിയേഷനുകൾ മലിനീകരണം സംബന്ധിച്ച പരാതികൾ

നൽകിയിട്ടുണ്ടായിരുന്നു. പ്രദേശത്ത് മലിനീകരണം വളരെ കൂടുതലാണെന്നും മതിയായ ബഫർ സോൺ, ഗ്രീൻ ബെൽറ്റ് എന്നിവ സ്ഥാപിക്കണമെന്നും അല്ലെങ്കിൽ തങ്ങളുടെ ഭൂമികൂടി കമ്പനി ഏറ്റെടുക്കണമെന്നുമാണ് അസോസിയേഷനുകളുടെ ആവശ്യം. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ഒരു യോഗം 18-01-2018-ൽ വ്യവസായ വകുപ്പ് വിളിച്ചുചേർത്തിരുന്നു. സ്ഥലം ഏറ്റെടുക്കണമെന്ന ആവശ്യത്തിൽ ബി.പി.സി.എൽ.-ന്റെ ഭാവി വളർച്ചയ്ക്ക് അനിവാര്യമെങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് പരിഗണിക്കുന്നതിന് ബി.പി.സി.എൽ.-ന്റെ ഉന്നത സമിതി യോഗം ശിപാർശ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. കേന്ദ്ര നിയമം, മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന തരത്തിലുള്ള അകലം, ഗ്രീൻ ബെൽറ്റ്, ബഫർ സോൺ എന്നിവയുടെ അടിസ്ഥാനത്തിലുള്ള നടപടി ബി.പി.സി.എൽ. സ്വീകരിക്കുകയും അതുവഴി ജനങ്ങളുടെ ആശങ്കയകറ്റുകയും ചെയ്യണമെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. റിഫൈനറിക്ക് ചുറ്റും അന്തരീക്ഷ വായുവിന്റെ

ഗുണനിലവാരം 24 മണിക്കൂറും നിരീക്ഷിച്ച് മലിനീകരണ നിയന്ത്രണ ബോർഡിനെ ഓൺലൈൻ വഴി തൽസമയം അറിയിക്കുന്നുവെന്നും ഇരുപതിനായിരത്തോളം കോൺട്രാക്ട് തൊഴിലാളികളും രണ്ടായിരത്തോളം റിഫൈനറി സ്റ്റാഫും പ്രത്യേക ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലാതെ ഇവിടെ വർഷങ്ങളായി ജോലി ചെയ്യുന്നുവെന്നും കമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്പനി പുറന്തള്ളുന്ന പാഴ് വായു, പാഴ് ജലം എന്നിവയുടെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന പരിധിയിൽ നിന്ന് നേരിയ തോതിൽപോലും മാറ്റമുണ്ടായാൽ മുന്നറിയിപ്പ് നൽകുന്ന ഓട്ടോമാറ്റിക് അലെർട്ട് സംവിധാനം നിലവിലുണ്ട്. കമ്പനി മലിനീകരണ നിയന്ത്രണ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തി. 18-01-2018-ലെ യോഗത്തിലെ തീരുമാനപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ കമ്പനിയോട് ആവശ്യപ്പെടുകയും ചെയ്യും.

<u>നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്</u>

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, മിശ്രവിവാഹിതരായ ദമ്പതിമാരിൽ

ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗമാണെങ്കിൽ അവരുടെ മക്കൾക്ക് വരുമാന പരിധി ബാധകമല്ലാതെ തന്നെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരുന്നു. 1961 മുതൽ ലഭിച്ചിരുന്നു. 1977, 78 കാലയളവിൽ ഇതിനെല്ലാം സ്പഷ്ടീകരണം നൽകി ആനുകൂല്യങ്ങൾ തുടർന്നുവന്നിരുന്നു. എന്നാൽ അതിനുശേഷം 1979 ഏപ്രിൽ 24-ലെ ജി.ഒ.നം. 806/79/ഡി.ഡി.ഒ ഉത്തരവുപ്രകാരം മാതാപിതാക്കളിൽ ഒരാൾ പിന്നോക്കക്കാരായാൽ അവരുടെ മക്കൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾക്ക് അർഹരാക്കി ഉത്തരവിറക്കിയിട്ടുണ്ട്. അടുത്തകാലത്തുവരെ ഇത് തുടർന്നിരുന്നു. അതിനുശേഷം മണ്ഡൽ കമ്മീഷൻ ശിപാർശ പ്രകാരം പിന്നോക്കക്കാർക്കുകൂടി ക്രീമിലെയർ ബാധകമാക്കി സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചു. പട്ടികജാതിക്കാർ മിശ്രവിവാഹിതരാണെങ്കിൽ അവരുടെ മക്കൾ ഏത് ജാതി വ്യവസ്ഥയനുസരിച്ച് ജീവിക്കുന്നുവെന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകണമെന്ന് 2008-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പട്ടികജാതിക്കാർ മുന്നോക്ക ജാതിക്കാരെ വിവാഹം കഴിച്ചാലും അവരുടെ

സാമൂഹ്യ സാഹചര്യങ്ങൾ മെച്ചപ്പെട്ടതായി വിലയിരുത്താനാകില്ലെന്ന വിലയിരുത്തലിലായിരുന്ന ഈ ആനുകൂല്യങ്ങൾ നൽകി ഉത്തരവ് ഉണ്ടായിരുന്നത്. എന്നാൽ സംസ്ഥാനത്തെ തഹസീൽദാർമാർ ഈ ഉത്തരവുകളെ തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ ദുർവ്യാഖ്യാനം ചെയ്ത് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തുടങ്ങി. ഇതുപ്രകാരം ചാവക്കാട് തഹസീൽദാർ ഒരുതവണ ഇഷ്യൂ ചെയ്ത നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്തതിനെതിരായി ശ്രീ. വിനേഷ് എന്നയാൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അനുകൂലമായ വിധി സമ്പാദിച്ച് തൃശ്ശൂർ ആർ.ഡി.ഒ. കേട്ട് ഉത്തരവ് കൊടുക്കാൻ പറഞ്ഞു. 22-07-2017-ൽ മാതാപിതാക്കളിൽ പിന്നോക്കം നിൽക്കുന്ന അമ്മയുടെ ജാതി പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകാനും തഹസീൽദാരുടെ ഉത്തരവ് റദ്ദ് ചെയ്യാനും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കൊടുക്കാനും തയ്യാറായി. എന്നാൽ ഇതെല്ലാം കാറ്റിൽപ്പറത്തി 23-02-2018-ൽ പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ചേർത്തല തഹസീൽദാർ നൽകിയ കത്തിന് മറുപടിയായി

നൽകിയത് മാതാപിതാക്കളിൽ ഒരാൾ ഉയർന്ന സാമൂഹ്യ പരിധിയുള്ള ആളായാൽ അവരുടെ മക്കൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് അർഹതയില്ലെന്ന് വ്യക്തമാക്കിക്കൊണ്ടാണ് പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവിറക്കിയിരിക്കുന്നത്. അതിൽ കേന്ദ്ര പേഴ്സണൽ ആന്റ് ട്രെയിനിംഗ് മന്ത്രാലയത്തിലെ 14-10-2014-ലെ ഒരു ജി.ഒ. കൂടി ക്വാട്ട് ചെയ്തിട്ടുണ്ട് (ഒരു ഓഫീസ് മെമ്മോറാണ്ടം). അത് എന്താണെന്നുള്ളത് വ്യക്തമല്ല. ഇതിനുശേഷം ഇത് ശരിവയ്ക്കുന്ന ഒരു ഉത്തരവാണ് പിന്നോക്ക വിഭാഗ പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി അണ്ടർ സെക്രട്ടറി ഇറക്കിയിരിക്കുന്നത്. മിശ്രവിവാഹിതരിൽ ഒരാൾ മുന്നോക്ക സമുദായാംഗമാണെങ്കിൽ അവരുടെ മക്കൾ മേൽത്തട്ട് പരിധിയിൽ വരില്ല, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് അർഹതയില്ലെന്നാണ് പ്രസ്തുത ഉത്തരവിൽ പറയുന്നത്. ഇത് വളരെ വലിയ പ്രതിസന്ധിയാണ് തൊഴിൽ രംഗത്തുണ്ടാക്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് നേരത്തെ നിലനിന്നിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ തിരുത്തൽ ഉത്തരവുണ്ടാകണമെന്നാണ് ഞാൻ ഈ

സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പിന്നോക്ക സമുദായത്തിൽപ്പെട്ടവർ മുന്നോക്ക സമുദായത്തിൽ ഉൾപ്പെട്ടവരുമായി നടക്കുന്ന മിശ്രവിവാഹിതരുടെ കുട്ടികൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന വിഷയമാണ് സബ്മിഷനിലൂടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. മിശ്രവിവാഹിതരിൽ ഒരാൾ പിന്നോക്ക വിഭാഗത്തിൽപ്പെട്ടയാളും മറ്റേയാൾ മുന്നോക്ക സമുദായത്തിൽപ്പെട്ടയാളുമാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് ഒ.ബി.സി. ആനുകൂല്യം ലഭിക്കുന്നതിന് 1979-ലെ സർക്കാർ ഉത്തരവ് നിലവിലുണ്ട്. എന്നാൽ ക്രീമിലെയർ നടപ്പിലാക്കിയ സുപ്രീംകോടതിയുടെ ഇന്ദിരാ സാഹ്നി കേസിലെ വിധിയെത്തുടർന്ന് ഒ.ബി.സി. വിഭാഗങ്ങൾക്ക് അവർ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടതാണെങ്കിൽ സ്വാഭാവികമായും സംവരണം ലഭിക്കുന്നതിന് ക്രീമിലെയർ പരിധികൂടി പരിഗണിക്കേണ്ട സാഹചര്യം നിലവിൽ വന്നു. മാതാപിതാക്കളുടെ പദവിയും വരുമാന

പരിധിയും ചേർത്താണ് ക്രീമിലെയർ അർഹത നിശ്ചയിക്കുന്നത്. സാമൂഹ്യമായി ഉന്നത പദവിയിലുള്ള മുന്നോക്ക വിഭാഗങ്ങളെ മേൽത്തട്ടായി പരിഗണിച്ച് അവരെ ക്രീമിലെയർ ആയാണ് പരിഗണിക്കുന്നത്. അവർക്ക് ആനുകൂല്യം ലഭിക്കുകയില്ല. ഇതേ തത്വം മിശ്രവിവാഹിതരിലെ ഒ.ബി.സി. സർട്ടിഫിക്കറ്റിന് അർഹതയുള്ള കുട്ടികൾക്കും ബാധകമാണ്. എന്നാൽ കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ 2006-2008 നാലാമത് റിപ്പോർട്ടിൽ മിശ്ര വിവാഹിതരിൽ ഒരാൾ മുന്നോക്ക ജാതിക്കാരനും ഒരാൾ പിന്നോക്ക ജാതിയിൽപ്പെട്ട ആളുമാണെങ്കിൽ മക്കൾക്ക് പിന്നോക്ക വിഭാഗത്തിന് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യം, തൊഴിൽ സംവരണം എന്നിവ ലഭിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഒരാൾ മറ്റിതര സമുദായങ്ങളിൽപ്പെട്ട ഒരാളുമായി മിശ്രവിവാഹത്തിൽ ഏർപ്പെടുമ്പോൾ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ ആനുകൂല്യത്തിന് അർഹതയുണ്ടോയെന്ന കാര്യം സർക്കാർ മുമ്പ് പരിശോധിച്ചതാണ്.

ഇതിനെത്തുടർന്നാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ്, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലഘട്ടത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും അതുപ്രകാരം പ്രസ്തുത മിശ്രവിവാഹ ദമ്പതികളുടെ മക്കൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആചാരങ്ങൾ പ്രകാരം ജീവിച്ചുവരികയും മുന്നോക്ക വിഭാഗക്കാരുടെ ആചാരങ്ങൾക്ക് അനുസരിച്ചല്ല ജീവിക്കുന്നത് എന്ന് തെളിയിക്കുന്ന കേസുകളിൽ അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ജാതി സർട്ടിഫിക്കറ്റിന് സംവരണം, വിദ്യാഭ്യാസാനുകൂല്യം തുടങ്ങിയ എല്ലാ ആനുകൂല്യങ്ങൾക്കും അർഹത നൽകി. മിശ്രവിവാഹിതരിൽ അച്ഛൻ പട്ടികജാതിയിൽപ്പെട്ടാൽ മാത്രമേ ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ എന്ന സുപ്രീംകോടതി വിധിയാണ് അന്ന് ഉണ്ടായിരുന്നത്. ആ വിധി നിലനിൽക്കുമ്പോൾ തന്നെയാണ് ഈ രൂപത്തിൽ 2008-ൽ ഗവൺമെന്റ് ഒരു ഉത്തരവ് കൊടുത്തത്. 2008-ൽ കൊടുത്ത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിന്നീട് സുപ്രീംകോടതി വിധി വന്നതിന്റെ ഭാഗമായി ആ ഭാഗവുമായി ബന്ധപ്പെട്ട് പ്രശ്നം ഉണ്ടായിരുന്നില്ല. എന്നാൽ പിന്നോക്ക വിഭാഗങ്ങളിലെ

മിശ്രവിവാഹിതരുടെ മക്കൾക്ക് ഇതുപ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ഉത്തരവ് പ്രത്യേകമായി ഇറക്കിയിട്ടില്ല. ഇന്ദിരാ സാഹ്നി കേസിലെ വിധിയെത്തുടർന്ന് പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ സംവരണാനുകൂല്യത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനാൽ ഇതുസംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ച രീതിയിൽ സമാനമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. അതുകൊണ്ടുതന്നെ നിയമസഭാ സമിതി ശിപാർശ ചെയ്തതുപോലെ ഇക്കാര്യത്തിൽ ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. എക്സിക്യൂട്ടീവ് ഓർഡറിന്റെ ആവശ്യം മാത്രമേയുള്ളൂ. നിലവിൽ പിന്നോക്ക വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ മക്കൾക്ക് ഒ.ബി.സി. ആനുകൂല്യത്തിന് അർഹത നൽകുമ്പോൾ അവരിലെ ക്രീമിലെയർ നിശ്ചയിക്കുന്നതിന് മാതാപിതാക്കളുടെ സാമൂഹിക പദവി നിർണ്ണയിക്കുന്നതിനുള്ള വ്യക്തമായ ഉത്തരവുകളുടെ അഭാവത്തിലാണ്

ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച വിഷയം ഉണ്ടായിട്ടുള്ളത്. ഈ വിഷയം സർക്കാരിന്റെ അടിയന്തര പരിഗണനയിലുള്ളതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ബാധകമായ 20-11-2008-ലെ ഉത്തരവിന് സമാനമായി പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ നിശ്ചയിക്കുന്നതിന് വ്യക്തമായ മാനദണ്ഡം പുറപ്പെടുവിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

പട്ടയവിതരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി പട്ടയങ്ങൾ പാവങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോഴും റവന്യൂ വകുപ്പിന്റെ ചെറിയ ശ്രദ്ധയുണ്ടായാൽ ദ്രുതഗതിയിൽ വിതരണം ചെയ്യാൻ കഴിയുന്ന പല പട്ടയങ്ങളും ഇപ്പോൾ വിതരണം ചെയ്യുന്നില്ല. അത്തരമൊരു പ്രശ്നമാണ് എന്റെ മണ്ഡലത്തിലെ തേൻകുറിശ്ശി വില്ലേജിൽ സ്ഥിരതാമസക്കാരായ, പതിറ്റാണ്ടുകളായി കുടികിടപ്പുകാരായ നിരവധി പട്ടികജാതി പിന്നോക്കവിഭാഗ കുടുംബങ്ങൾ അഭിമുഖീകരിക്കുന്നത്. ഈ വില്ലേജിൽ ഏതാണ്ട് ഒൻപത്

മൈക്രോഫിനാൻസ് കമ്പനികൾ വട്ടമിട്ട് പറന്നുകൊണ്ടിരിക്കുകയാണ്. തുടർച്ചയായി ആറ് ആത്മഹത്യകളാണ് ഇക്കാലത്തുണ്ടായിട്ടുള്ളത്. അതിന് കാരണം ഇവർക്ക് അടിസ്ഥാനരേഖയോ ആധാരമോ ഇല്ലാത്തതിനാൽ ബന്ധപ്പെട്ട ബാങ്കുകൾക്ക് വായ്പ കൊടുക്കാൻ സാധിക്കുന്നില്ല. ഇതുമുതലാക്കിയാണ് മൈക്രോഫിനാൻസ് കമ്പനികൾ ചൂഷണം നടത്തുന്നത്. ഈ പ്രദേശം കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിൽ പണ്ട് ഏതോ കാലത്തുണ്ടായിരുന്നുവെന്ന് ഒരു അവകാശവാദം ചൂണ്ടിക്കാണിച്ചാണ് പട്ടയ വിതരണ നടപടികൾ തടസ്സപ്പെട്ടുകൊണ്ടിരിക്കുന്നത്. റേഷൻകാർഡും ഐ.ഡി. കാർഡും ആധാർ കാർഡുമുള്ള നിരവധി തലമുറകളായി ഇവിടെ താമസിക്കുന്ന എല്ലാവർക്കും ഇത് ബോധ്യപ്പെടുന്ന സംഗതിയാണ്. ഈ താമസക്കാരാകട്ടെ പലർക്കും പ്രാഥമിക വിദ്യാഭ്യാസം പോലും ഇല്ലാത്തവരാണ്. നിർദ്ധനരായ ഇവരിൽ പലരും മഹാരോഗത്തിന് അടിമപ്പെട്ടുകഴിയുന്നവരാണ്. പരാശ്രയമില്ലാതെ ജീവിക്കാൻ കഴിയാത്തവരാണ് പല കുടുംബാംഗങ്ങളും പ്രായാധിക്യം നേരിടുന്നവരാണ്. അപേക്ഷ കൊടുക്കാൻ പോലും കഴിയുന്ന അവസ്ഥയിലല്ല അവരുള്ളത്. ഈ അവസ്ഥ മനസ്സിലാക്കി പ്രസ്തുത പ്രദേശത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക അദാലത്ത് റവന്യൂ സംഘടിപ്പിച്ച് അപേക്ഷകൾ

എഴുതിവാങ്ങി പട്ടയവിതരണം നടത്തണം. അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം ഒന്നിച്ച് അപേക്ഷകൾ സമർപ്പിച്ചാൽ, മറ്റ് നടപടിക്രമങ്ങളെല്ലാം ലഘൂകരിച്ച് ഏറ്റവും വേഗതയിൽ പട്ടയം ലഭ്യമാക്കാൻ തയ്യാറാകണം എന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവില്വാമല ക്ഷേത്രത്തിന്റെ സമീപത്തുള്ള തേങ്കുറിശ്ശി വില്ലേജിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ കേരള ഭൂപരിഷ്കരണനിയമം 1963 പ്രകാരമാണ് നടപടി സ്വീകരിച്ചുവരുന്നത്. ഈ കേസ്സുകൾ പാലക്കാട് ദേവസ്വം ലാന്റ് ട്രിബ്യൂണലിലാണ് പരിഗണിക്കുന്നത്. നിലവിലെ ചട്ടങ്ങൾ പ്രകാരം ഇത്തരം കേസ്സുകൾ ബന്ധപ്പെട്ട കക്ഷികൾ 1964-നു മുമ്പ് കുടിയാന്മാരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഉൾപ്പെടെയുള്ളവ ഹാജരാക്കേണ്ടതാണെന്നും അപേക്ഷ കക്ഷിയേയും ബന്ധപ്പെട്ട ദേവസ്വം പ്രതിനിധികളെയും വിചാരണ നടത്തേണ്ടതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പട്ടയം വിതരണം നടത്താൻ പാടുള്ളൂവെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 1964-ന് മുമ്പുള്ള രേഖകൾ ഹാജരാക്കുന്നതിന് പലർക്കും കഴിയാത്ത അവസ്ഥയുണ്ട്. ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഭേദഗതി ചട്ടങ്ങൾ

തയ്യാറാക്കി അംഗീകരിച്ചുനൽകിയെങ്കിലും നിയമതടസ്സമുണ്ടെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയത് ചട്ടങ്ങളായി പുറപ്പെടുവിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ കുടിയായ്മ തെളിയിക്കുന്നതിന് ജന്മിമാർ ഒന്നോ രണ്ടോ പ്രാവശ്യം ഹാജരാകാതിരുന്നാൽ എക്സ്പാർട്ടി ആക്ട് ഉത്തരവ് നൽകാവുന്നതാണെന്നും കുടിയായ്മ തെളിയിക്കുന്നതിന് ഡോക്യുമെന്ററി എവിഡൻസ് ഇല്ലാത്തിടത്ത് ഓറൽ എവിഡൻസ് മതിയാകുന്നതാണെന്നും ലാന്റ് ട്രിബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിന് വില്ലേജ് ഓഫീസർമാരെക്കൂടി ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസ്സുകൾ അടിന്തരമായി തീരുമാനിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇവിടെ ശ്രീ. കെ. ഡി. പ്രസേനൻ ചൂണ്ടിക്കാണിച്ചതുപോലെ, പട്ടികജാതി പട്ടിവർഗ്ഗ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വളരെ പാവപ്പെട്ട ആളുകൾ വർഷങ്ങളായി താമസിക്കുന്ന സ്ഥലത്തിന്റെ വ്യക്തമായ രേഖകൾ അവരുടെ കൈവശമില്ലെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രിബ്യൂണലുകൾ പരിശോധിച്ച് തീരുമാനമെടുക്കാവുന്നതേയുള്ളൂ. ഇത്തരം വിഷയത്തിൽ എത്രയുംവേഗം തീരുമാനമുണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തീരദേശവാസികളെ മാറ്റിപാർപ്പിക്കൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കഴിഞ്ഞ ആറ് മാസക്കാലമായി

കയ്പമംഗലത്തിന്റെ കടൽത്തീരം ഏറെ പ്രക്ഷുബ്ധമാണ്. പ്രത്യേകിച്ച് എറിയാട്, ഇടനിലങ്ങൽ, ശ്രീനാരായണപുരം മേഖലയും മുമ്പെങ്ങുമില്ലാത്തവിധത്തിൽ രൂക്ഷമായ കടലാക്രമണം തുടരുകയാണ്. അൻപതോളം വീട്ടുകൾ പൂർണ്ണമായും അതിലേറെ വീട്ടുകൾ ഭാഗികമായും തകർന്നിരിക്കുന്നു. ഒരായുസ്സിന്റെ വിയർപ്പുകൊണ്ടുണ്ടാക്കിയ വീടുകൾ തകർന്ന് വീഴുന്നത് ഹൃദയഭേദകമാണ്. തീരദേശ ജനതയെ രക്ഷിക്കാൻ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഒരുപോലെ കടപ്പെട്ടിരിക്കുന്നുവെങ്കിലും എല്ലാവരുടെയും പ്രതീക്ഷയും പ്രത്യാശയും സംസ്ഥാന സർക്കാരിൽ മാത്രമാണ്. 18 കിലോമീറ്ററോളം നീളമുള്ള വിശാലമായ കടൽത്തീരമാണ് എന്റെ മണ്ഡലത്തിലുള്ളത്. ഇക്കഴിഞ്ഞ ഓഖി ചുഴലിക്കാറ്റിനുശേഷം കടൽ ഇതുവരെ പഴയതുപോലെ ശാന്തമായിട്ടില്ല. കടൽഭിത്തിയില്ലാത്ത വിടവുകളിലൂടെ വെള്ളവും ചെളിയും ഏകദേശം ഒരു കിലോമീറ്ററോളമാണ് പാഞ്ഞൊഴുകുന്നത്. ഇത് നാട്ടിലെ കുടിവെള്ളവും കൃഷിയും താറുമാറാക്കിയിരിക്കുന്നു. ആശങ്കാകുലരായ തീരദേശ ജനതയുടെ കടുത്ത പ്രതിഷേധങ്ങൾക്കാണ് ജനപ്രതിനിധികൾക്ക് സാക്ഷ്യം വഹിക്കേണ്ടിവരുന്നത്. ഇന്ത്യയുടെ അതിർത്തി സംരക്ഷണം എന്ന അർത്ഥത്തിൽ തന്നെ കടൽഭിത്തി നിർമ്മാണം കേന്ദ്രസർക്കാരിന്റെ പ്രധാന

അജണ്ടയായി മാറേണ്ടതായിരുന്നു. അവർ അതിൽ നിന്നെല്ലാം ഒഴിഞ്ഞ് നിൽക്കുകയാണ്. കടലാക്രമണസാധ്യത കൂടുതലുള്ള സ്ഥലങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുകയും അത്തരം പ്രദേശങ്ങളിൽ ശക്തവും ദൃഢവുമായ കടൽഭിത്തിയോ മറ്റ് ആധുനിക പ്രതിരോധ മാർഗ്ഗങ്ങളോ ചെയ്യുക എന്നതാണ് ഒരു പരിഹാരം. കടലിൽ നിന്നും 50 മീറ്റർ ദൂരത്ത് താമസിക്കുന്ന മുഴുവൻ ആളുകളെയും മാറ്റിപ്പാർപ്പിക്കുന്നതിനുള്ള 10 ലക്ഷം രൂപ ഓരോ വീട്ടുകാർക്കും നൽകുന്ന പദ്ധതിയും ഉടൻതന്നെ നടപ്പിലാക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുക എന്നതാണ് ഏറെ പ്രാധാന്യമുള്ള വിഷയം. വ്യക്തികൾ വിട്ടുതരുന്ന ഭൂമിയോ സർക്കാർ ഭൂമിയോ സർക്കാർ ഏറ്റെടുക്കുന്ന ഭൂമിയോ കണ്ടെത്തേണ്ടതുണ്ട്. എന്റെ മണ്ഡലത്തിൽതന്നെ ഉത്തരവുകളും വിജ്ഞാപനങ്ങളും ഇറങ്ങിയിട്ടും വിട്ടുതരാമെന്ന് സ്ഥലം ഉടമ സമ്മതിച്ച സ്ഥലം ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. കടലാക്രമണത്തിന്റെ തീവ്രതയ്ക്കനുസരിച്ച് അത്തരം പ്രദേശങ്ങളിലുള്ള വീട്ടുകാരെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളും അപകടസാധ്യത കുറയ്ക്കാനുള്ള ആധുനിക മുന്നറിയിപ്പ് സംവിധാനവും ജിയോട്യൂബ് തുടങ്ങിയ ആധുനിക മാർഗ്ഗങ്ങളും വീട് നിർമ്മിക്കാനുള്ള ഭൂമി കണ്ടെത്താനുള്ള നടപടികളും അടിന്തരമായി ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, തൃശ്ശൂർ ജില്ലയിൽ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ തീരദേശപ്രദേശങ്ങളിലെ കടലാക്രമണം രൂക്ഷമാണ്. അഴീക്കോട് വില്ലേജിലെ കടലോരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെതന്നെ നിവേദനം തന്നിട്ടുള്ളതാണ്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. ആമിനബായി എന്ന രമാഭായിയുടെ പക്കൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി മാറ്റിവച്ച കൊടുങ്ങല്ലൂർ താലൂക്ക് അഴീക്കോട് വില്ലേജിലിലുള്ള സർവ്വേ 670(1)-ൽപ്പെട്ട ഒരേക്കർ ഇരുപത് സെന്റ് ഭൂമി കടൽഭിത്തിക്ക് പടിഞ്ഞാറ് തീരദേശത്ത് താമസിക്കുന്ന 23 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് മുൻഗണന നൽകണമെന്ന് ഭൂമിപതിവ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി റിസർവ് ചെയ്ത ഭൂമി ആയതുകൊണ്ട് ഭൂമി മാറ്റി നൽകുന്നതിന് തീരുമാനമെടുക്കുന്നത് സംബന്ധിച്ച വിഷയം റവന്യൂ വകുപ്പിന്റെ എ 4/305/17 റവന്യൂ ഡിപ്പാർട്ടുമെന്റ് ഫയലിൽ കൈകാര്യം ചെയ്തുവരുകയാണ്. കയ്പമംഗലം മണ്ഡലത്തിൽ ഏറിയാട് ഗ്രാമപഞ്ചായത്തിൽ അഴീക്കോട് സർവ്വേ നമ്പർ

451-ൽപ്പെട്ട മിച്ചഭൂമി ഏറ്റെടുത്ത് ലാന്റ് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭൂമിയും ഇവരെ മാറ്റി പാർപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്ത നടപടിക്കെതിരെ ഭൂമി കൈവശംവച്ചുവരുന്ന ശ്രീകൃഷ്ണ ഷേണായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ലാന്റ് ബോർഡിന്റെ ഉത്തരവ് പുനഃപരിശോധിക്കാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് താലൂക്ക് ലാന്റ് ബോർഡ് ഉത്തരവ് പുനഃപരിശോധിച്ച് അപ്രകാരം ഉത്തരവാകുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയും കൂടി ഉപയോഗിച്ച് കടൽ തീരത്ത് താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ച കടലാക്രമണവും അതിന്റെ പ്രതിരോധ പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് തീരദേശത്ത് സ്വീകരിക്കാവുന്ന നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

മലയോര കർഷകർക്ക് പട്ടയം

ശ്രീ. മുരളി പെരുനെല്ലി: സർ, എല്ലാവരേയും ഭൂമിയുടെ ഉടമകളാക്കുക എന്ന ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ പ്രഖ്യാപിത

ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്ക് അടിയന്തരമായി പട്ടയം നൽകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പട്ടയവിതരണം വേഗത്തിലാക്കാൻ എല്ലാ ജില്ലകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റി രൂപീകരിച്ചത് സ്വാഗതാർഹമാണ്. ഭക്ഷ്യക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ മലയോരമേഖലയിൽ കുടിയേറിപ്പാർത്ത് ഭൂമിയിൽ അദ്ധ്വാനിച്ച്, അവിടെ കൃഷിയിറക്കി, വീട് വച്ച് ഭൂമികൈവശം വച്ച് തലമുറകളായി താമസിക്കുന്ന ഒരു വിഭാഗം ജനങ്ങൾക്ക് ഇന്നും സ്വന്തം ഭൂമിക്ക് പ്രമാണമില്ലാതെ കഷ്ടപ്പെടുന്ന അവസ്ഥാവിശേഷമാണ്. കേന്ദ്രാനുമതി ലഭിച്ച ലിസ്റ്റുപ്രകാരം തൃശ്ശൂർ ജില്ലയിൽ 7375 പേർക്കായി 2800 ഹെക്ടർ ഭൂമി പതിച്ചുനൽകാൻ നിയമതടസ്സമില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇവയിൽ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് അടക്കമുള്ള രേഖകൾ നഷ്ടപ്പെട്ടതോ രേഖകൾ ലഭ്യമല്ലാത്തതോ ആയ നിരവധി കർഷകരുണ്ട്. പട്ടയം ലഭിച്ചവർക്കുതന്നെ ഉപാധികളോടുകൂടിയ പട്ടയമാണ് ലഭിച്ചിരിക്കുന്നത്. പട്ടയം ലഭിക്കാത്തവർക്ക് കൈവശരേഖ വയ്ക്കാൻ അർഹതയുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ഇക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥർ വ്യത്യസ്തമായ സമീപനമാണ് ഓരോ പ്രദേശത്തും സ്വീകരിക്കുന്നത്. പട്ടയം

ലഭിക്കാൻ അർഹതയുണ്ടായിട്ടും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ പട്ടയം നിഷേധിക്കപ്പെട്ട കർഷകരെ കയ്യേറ്റക്കാരെന്ന പരിവേഷം ചാർത്തി ഫോറസ്റ്റ് ഉദ്യോഗസ്ഥർ നിരന്തരമായി ശല്യം ചെയ്യുന്നുവെന്ന വ്യാപകമായ പരാതി ജില്ലയിൽ നിലവിലുണ്ട്. പട്ടയത്തിനുള്ള ലൈവായ അപേക്ഷകളിൽ 391 എണ്ണം ജെ.വി.ആർ. നൽകാത്തത് 874 എണ്ണം രേഖകൾ ഹാജരാകാത്തതോ മരവില അടയ്ക്കാത്തതോ ആയ അപേക്ഷകൾ സർവ്വേ നമ്പർ രേഖപ്പെടുത്താത്ത 179 അപേക്ഷകൾ സർവ്വേ നമ്പർ വ്യത്യാസമുള്ള 60 അപേക്ഷകൾ തുടങ്ങിയ 1504 അപേക്ഷകൾ അവിടെ നിലവിലുണ്ട്. തൃശ്ശൂർ ജില്ലയിലെ പട്ടയപ്രശ്നം അടിയന്തരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ട് ജില്ലയിലെ ഈ മേഖലയിലെ കൃഷിക്കാർ ഒരു തുടർസമരത്തിന് തയ്യാറെടുത്തുക്കൊണ്ടിരിക്കുന്ന സന്ദർഭമാണ് മുന്നിലുള്ളത്. അടിയന്തരമായി ഇവർക്ക് പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും അതിനാവശ്യമായ വിധത്തിൽ ബന്ധപ്പെട്ടവരുടെ അടിയന്തര യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, തൃശ്ശൂർ ജില്ലയിൽ 01-01-77-ന് മുമ്പ് വനഭൂമി കൈവശം വച്ച്

അനുഭവിക്കുന്നവരിൽ സംയുക്ത പരിശോധന നടത്തി അർഹമെന്ന് കണ്ടെത്തിയതും കേന്ദ്രാനുമതി ലഭിച്ചതുമായ ആകെ ഭൂമിയുടെ വിസ്തീർണ്ണം 2726.3877 ഹെക്ടറും ആകെ കൈവശക്കാരുടെ എണ്ണം 7375-ഉം ആണ്. ആയതിൽ നാളിതുവരെ 1196.6057 ഹെക്ടർ വിസ്തീർണ്ണം ഉൾപ്പെടുന്ന 4056 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ച വിസ്തീർണ്ണത്തിൽ 1529.782 ഹെക്ടർ ഭൂമിക്ക് 1404 പട്ടയങ്ങൾ വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്. ഇതിൽ 391 കേസുകളിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ലാത്തതിനാലും 774 കേസുകളിൽ വൃക്ഷവില നിശ്ചയിച്ച് കിട്ടാത്തതിനാലും ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ 179 കേസുകളും എൻ.ആർ.എഫ്. കേസുകളും 60 കേസുകൾ സർവ്വേ നമ്പരിൽ വ്യത്യാസമുള്ളതിനാലും പട്ടയം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാണ്. ശേഷിക്കുന്ന 1915 കൈവശക്കാർ ഫോം നമ്പർ 2-ൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ്. ഇവകൂടാതെ കോടതി വ്യവഹാരത്തിലിരിക്കുന്ന 10 കേസുകൾക്കുകൂടി പട്ടയം നൽകിയിട്ടില്ല. വനഭൂമി പതിവിന് അപേക്ഷിച്ചിട്ടുള്ളവരിൽ കേന്ദ്രാനുമതി ലഭിച്ചതും എന്നാൽ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമല്ലാത്തതുമായ കേസുകളിൽ പട്ടയം നൽകുവാൻ സാധിച്ചിട്ടില്ലെന്ന് കണ്ടതിനെത്തുടർന്ന്

അപേക്ഷകരുടെ കൈവശമോ വനം വകുപ്പിന്റെ കൈവശമോ പരിശോധന സംബന്ധിച്ച രേഖകളുണ്ടെങ്കിൽ ആയത് റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാക്കണമെന്ന നിർദ്ദേശം നൽകിയതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും മരവില നിശ്ചയിക്കാൻ വേണ്ട നയപരമായ തീരുമാനം കൈക്കൊള്ളാൻ വനം വകുപ്പ് നടപടി സ്വീകരിക്കണമെന്നും അതനുസരിച്ച് മരവില അടച്ച് പട്ടയം നൽകുന്ന നടപടികൾ സ്വീകരിക്കുന്നതിന് 11-10-2017-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തീരുമാനിച്ചതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. പട്ടയ വിതരണത്തിന് ആവശ്യമെങ്കിൽ സർവ്വേ നടത്തുന്നതിനുവേണ്ടി ഡെപ്യൂട്ടി തഹസീൽദാർ (സർവ്വേ), വില്ലേജ് ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിക്കുകയും അതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരികയാണ്. വൃക്ഷവില ഒടുക്കാനുള്ളവരുടെ കാര്യത്തിലും സമയബന്ധിതമായി നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കാൻ സ്പെഷ്യൽ തഹസീൽദാർക്ക് പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്.

സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന

ചെയർപേഴ്സൺ: ശ്രീ. എം. സ്വരാജ്, ഇതേ വിഷയത്തിൽ ശ്രീമതി വീണാ ജോർജ്ജും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എം. സ്വരാജ്: സർ, തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽപ്പെട്ട മരടിൽ കഴിഞ്ഞ ദിവസം ഒരു ഡേ കെയർ സെന്ററിലെ കുട്ടികളെയും കയറ്റിപ്പോയ വാഹനം റോഡ് സൈഡിലുള്ള കുളത്തിലേയ്ക്ക് മറിഞ്ഞ് നാല് വയസ്സുമാത്രം പ്രായമുള്ള മൂന്ന് പിഞ്ചുകുഞ്ഞുങ്ങളും ഒരു ആയയും മരണമടയുന്ന ദാരുണമായ സംഭവമുണ്ടായി. സംസ്ഥാനത്താകെ ശ്രദ്ധിക്കപ്പെട്ട ഒരു സംഭവമായിരുന്നു. അപകട കാരണങ്ങളെക്കുറിച്ച് വിശദമായി പരിശോധന നടത്തിയാൽ മാത്രമേ നമുക്ക് പറയാൻ സാധിക്കൂ. എങ്കിലും പ്രാഥമികമായ ഒരു വിലയിരുത്തലിൽ അപകടത്തിൽപ്പെട്ട വാഹനത്തിന്റെ ഒരു ടയർ ക്രമാതീതമായി തേഞ്ഞ് മാറ്റാറായതായി കണ്ടെത്തിയിരുന്നു. ഇതാണോ അപകടകാരണമെന്ന് പരിശോധിച്ചശേഷം മാത്രമേ പറയാൻ കഴിയൂ. പക്ഷേ ഫിറ്റ്നസ് ടെസ്റ്റിന് വിധേയമാക്കാത്ത വാഹനമാണിതെന്ന സംശയമാണ് അപകടം നടന്നപ്പോൾ ഉയർന്നുവന്നത്. എന്നാൽ പിന്നീട് നിയമാനുസൃത പരിശോധനയെല്ലാം പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ള വാഹനം

തന്നെയായിരുന്നുയെന്ന വാർത്ത പുറത്തുവരികയുണ്ടായി. അപ്പോഴാണ് ഇതുസംബന്ധിച്ച പരിശോധനകളിൽ നിലനിൽക്കുന്ന വ്യാപകമായ കബളിപ്പിക്കലിനെ സംബന്ധിച്ച വിവരങ്ങൾ പുറത്തുവരുന്നത്. പലപ്പോഴും ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുന്ന വാഹനങ്ങൾ ആ ടെസ്റ്റിനുവേണ്ടി മാത്രം ടയറൊക്കെ ഫിറ്റ് ചെയ്താണ് ഹാജരാക്കുന്നത്. ടെസ്റ്റ് കഴിഞ്ഞാൽ പിന്നെ പഴയ ടയറാകും. ഒരു സ്കൂളിന് 10 വാഹനങ്ങളുണ്ടെങ്കിൽ ഒരു വാഹനത്തിനാവശ്യമായ നല്ല ടയറുകൾ മതി. അത് 10 വാഹനങ്ങളിലും മാറ്റിയിട്ട് ടെസ്റ്റിന് ഹാജരാക്കാൻ കഴിയും. ഇങ്ങനെ പല ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്. ഇതു സംബന്ധിച്ച പരാതികൾ ഉയർന്നുവരുന്നുണ്ട്. ആ സാഹചര്യത്തിൽ പുതിയ പരിശോധനാ രീതി വേണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പ്രത്യേകിച്ച്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾ പോകുന്ന വാഹനങ്ങൾ സ്കൂളിലെത്തി പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകണം. സർവ്വീസ് നടത്തുന്നതിനിടയിൽ കുട്ടികളുമായി പോകുമ്പോൾ നിരത്തിൽ വച്ചുതന്നെ വാഹനങ്ങൾ നിരീക്ഷിക്കാനും പരിശോധിക്കാനും സാധിക്കുമോയെന്നും നോക്കണം. ഇത്തരം വാഹനങ്ങൾ - സ്കൂൾ ബസുകളും ഓട്ടോറിക്ഷ ഉൾപ്പെടെയുള്ളവ ഇതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. അതിൽ

അനുവദനീയമായ എണ്ണത്തിൽ കൂടുതൽ കുട്ടികളെ കയറ്റുന്നുണ്ടോയെന്ന പരിശോധന അനിവാര്യമായി നടത്തേണ്ടതാണ്. അതോടൊപ്പം ഇത്തരം വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേകമായ പരിശീലനം ആവശ്യമാണ്. മറ്റ് വാഹനങ്ങൾ ഓടിക്കുമ്പോഴുള്ള ജാഗ്രത പോരാ, ഇതിനൊരു വർദ്ധിച്ച ജാഗ്രത വേണമെന്ന് നമുക്ക് കാണാനാകണം. അതുപോലെ 10-60 കുട്ടികൾ യാത്ര ചെയ്യുന്ന വലിയ സ്കൂൾ ബസുകളിൽ ചെറിയ കുഞ്ഞുങ്ങളെ ശ്രദ്ധിക്കാൻ ഒരു ആയ എന്നത് അപര്യാപ്തവുമാണ്. ഈ അപകടത്തിന്റെ വെളിച്ചത്തിൽ ഇത്തരമൊരു അപകടം ഇനിയും നമ്മുടെ നാട്ടിൽ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി കബളിപ്പിക്കലിനെയെല്ലാം അതിജീവിക്കത്തക്ക വാഹനപരിശോധന കാര്യക്ഷമമായും കൃത്യമായും നടത്തുന്നതിനും ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നിർബന്ധമാക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ യാത്രാ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ചാണ് ഞാൻ സബ്മിഷന് അനുവാദം തേടിയത്. ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ മെമ്പർ പറഞ്ഞതുപോലെ പരിശോധനാ വേളയിൽ കണ്ണിൽ പൊടിയിടാനുള്ള

മാർഗ്ഗങ്ങൾ പലപ്പോഴും തേടുന്നതുകൊണ്ടാണ് ഇതുപോലെയുള്ള അപകടങ്ങൾ ഉണ്ടാകുന്നത്. 50 കി. മീ. സ്പീഡാണ് സ്കൂൾ ബസുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്നത് എങ്കിലും അത് പലപ്പോഴും പാലിക്കപ്പെടുന്നില്ല. കർശനമായി അത് പാലിക്കുവാനുള്ള സംവിധാനമുണ്ടാകണം. അതുപോലെ 10 വർഷം പരിചയമുള്ള ഡ്രൈവർമാർ എന്ന് പറയുന്നുണ്ടെങ്കിലും പല സ്കൂളുകളിലും അത് പാലിക്കപ്പെടുന്നില്ല. നിലവിലുള്ള മാനദണ്ഡങ്ങളെങ്കിലും കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. ബഹുമാനപ്പെട്ട സഭയുടെയും മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന പ്രധാനപ്പെട്ട ഒരു വിഷയം കോൺട്രാക്ട് ക്യാരേജസ് ഉണ്ട്. സ്കൂൾ ബസ് നമുക്ക് കളർ, പേര് എന്നിവ വച്ച് ഐഡന്റിഫൈ ചെയ്യാം. പക്ഷേ കോൺട്രാക്ട് ക്യാരേജസിൽ കുഞ്ഞുങ്ങളെ കുത്തിനിറച്ച് കൊണ്ടുപോകുകയാണ്. ഇത് സ്കൂളിലേയ്ക്ക് പോകുന്നതാണോയെന്ന് അറിയുന്നില്ല. ഇങ്ങനെയുള്ള കോൺട്രാക്ട് ക്യാരേജസിൽ കൃത്യമായി, ഇത് സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനമാണെന്ന അടയാളങ്ങൾ, ബോർഡുകൾ എന്നിവയുണ്ടാകണം എന്നുള്ളതാണ്. അതോടൊപ്പം സ്കൂൾ ബസുകൾക്കുള്ള മാനദണ്ഡങ്ങൾ കോൺട്രാക്ട് ക്യാരേജസിലും ഉണ്ടാകേണ്ടതാണ്. അതോടൊപ്പം പ്രധാന റോഡുകളിൽ,

ഗ്രാമപ്രദേശങ്ങളിൽ വീട്ടുപടിക്കൽ ബസ് നിർത്തിയാണ് കുഞ്ഞുങ്ങളെ കയറ്റുന്നത്. പക്ഷേ നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലും ബസ് സ്റ്റോപ്പുകൾ ഐഡന്റിഫൈ ചെയ്യപ്പെടണം. പലപ്പോഴും കണ്ടിട്ടുള്ളത് കുഞ്ഞുങ്ങൾ കയറുന്നതിനും ബസ്സിനുമിടയിലൂടെ ബൈക്കുകൾ കടന്നുപോകുന്നതാണ്. അമിതവേഗത്തിൽ മറ്റ് വാഹനങ്ങൾ കടന്നുപോകുന്നുണ്ട്; അത് അപകടമുണ്ടാക്കും. പ്രധാന റോഡുകളിൽ സ്കൂൾ ബസ് സ്റ്റോപ്പുകൾ നിശ്ചയിക്കപ്പെടുകയും അവിടെ മറ്റ് വാഹനങ്ങളുടെ വേഗം നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നൊരു സാഹചര്യമുണ്ടാകണം. സർക്കാരിന്റെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകണം. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ഞാൻ നേരത്തേ പറഞ്ഞ കോൺട്രാക്ട് ക്യാരേജസിൽ എത്ര കുട്ടികൾ വരുന്നു, അവർ ആരൊക്കെ എന്നുള്ളത് സ്കൂൾ അധികൃതർക്ക് അറിയില്ല. അതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെടണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, മരടിലുണ്ടായ ദാരുണമായ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു സബ്മിഷൻ ഇവിടെ വന്നിട്ടുള്ളത്. നമ്മൾ എല്ലാവരെയും വേദനിപ്പിച്ചതായിരുന്നു ആ സംഭവം. സ്കൂൾ ബസുകൾ ഓടിക്കുന്നതിനും

അതിൽ കുട്ടികളെ കൊണ്ടുപോകുന്നതിനും നിലവിൽ മാനദണ്ഡങ്ങളുണ്ട്. പക്ഷേ ഈ മാനദണ്ഡങ്ങൾ ഒന്നും തന്നെ സാധാരണഗതിയിൽ ആരും കർശനമായി പാലിക്കുന്നില്ലെന്നതാണ് ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. സ്കൂൾ ബസുകൾ അല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റി കൊണ്ടുപോകുകയാണെങ്കിൽ അതിന് 'ON SCHOOL DUTY' എന്ന് ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നുപോലും പരിശോധിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൽ കുട്ടികളെ കുത്തി നിറയ്ക്കുകയുമാണ്. എനിക്ക് ഈ സഭയിലുള്ള എല്ലാവരോടുമായി അപേക്ഷിക്കാനുള്ളത്, അനധികൃത വാഹനങ്ങളിൽ കുട്ടികളെ കയറ്റി അയയ്ക്കുന്നത് രക്ഷിതാക്കളാണ്. ഒരു ഓട്ടോറിക്ഷയിൽ പത്തും പന്ത്രണ്ടും പിഞ്ചുകുട്ടികളെയാണ് കയറ്റി അയയ്ക്കുന്നത്. ഇവിടെ മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ ഒരു ബസിൽ 25 കുട്ടികളെയാണ് യാത്ര ചെയ്യാൻ അനുവദിക്കുക എന്നുണ്ടെങ്കിൽപ്പോലും 50-ഉം 60-ഉം പേരെ കയറ്റി അയയ്ക്കുന്നതിന് രക്ഷിതാക്കൾക്ക് ഒരു പ്രയാസവും തോന്നുന്നില്ല. ഇക്കാര്യത്തിൽ ഒരു ജാഗ്രത ഉണ്ടാകേണ്ടത് അനിവാര്യമായി തീർന്നിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, സ്കൂളിലെ വിദ്യാർത്ഥികളുടെ സുരക്ഷിത യാത്രയ്ക്കായി ഒരു അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിക്കണം

എന്നൊരു തീരുമാനം ഇപ്പോൾ ഞങ്ങൾ എടുത്തിട്ടുണ്ട്. ബസുകളിൽ വിദ്യാർത്ഥികളുടെ പേരും മേൽവിലാസവും രക്ഷിതാക്കളെ സംബന്ധിച്ച വിവര-സമ്പർക്ക നമ്പരുൾപ്പെടെയുള്ള വിവരങ്ങളുടെ പട്ടിക തയ്യാറാക്കി ലാമിനേറ്റ് ചെയ്ത് സൂക്ഷിക്കണമെന്ന നിർദ്ദേശവും ഈ പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ നൽകിയിട്ടുണ്ട്. ഇത്തരം ബസുകൾ ഓടിക്കുന്ന ഡ്രൈവർമാർമാരുടെ യോഗ്യതക്കുറവും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ശരിയാണ്. സ്കൂൾ അധികൃതർ ആരെയെങ്കിലും വച്ചാണ് ബസുകൾ ഓടിക്കുന്നത്. ആ കാര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യ വാഹനങ്ങൾ സ്കൂൾ ബസായി ഉപയോഗിക്കുന്നതിനെതിരെയും സ്കൂൾ ബസുകൾ, ഓട്ടോറിക്ഷ എന്നിവയിൽ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നതിനെതിരെയും കർശന നടപടികൾ സ്വീകരിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. എല്ലാ സ്കൂൾ വാഹനങ്ങളിലും ഒരു ആയയാണ് ഉള്ളത് എന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിനുപുറമെ, ഒരു ഡോർ അറ്റൻഡന്റിന്റെ സേവനം കൂടി നിർബന്ധമാക്കണമെന്ന നിർദ്ദേശം ഇപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ അഗ്നിശമന ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ അത്തരം ബസുകളിൽ ഉണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ പാലിക്കാതെ വരുന്നവരുടെ ബസുകളുടെ

പെർമിറ്റ് റദ്ദാക്കാനാണ് ഇപ്പോൾ ആലോചിച്ചുവരുന്നത്. എല്ലാ അദ്ധ്യയന വർഷത്തിന്റെയും ആരംഭത്തിൽ സ്കൂൾ വാഹനങ്ങളിലെ ഡ്രൈവർമാർക്ക് പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നുണ്ട് എന്നാണ് ഇപ്പോഴത്തെ അവസ്ഥയെങ്കിലും അത് അപര്യാപ്തമാണ്, കാര്യക്ഷമമല്ല എന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. തീർച്ചയായും ആ കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. സ്കൂൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്ന ദിവസം തന്നെ സഞ്ചാരയോഗ്യമായ ബസുകൾ നിരത്തിലിറക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ബസുകളുടെ പരിശോധന നടത്തിയിരുന്നു. ഇരുപത്തിരണ്ടായിരത്തോളം വാഹനങ്ങളാണ് സ്കൂൾ ബസുകളായി നമ്മുടെ സംസ്ഥാനത്ത് ഓടുന്നതെന്നാണ് ഇപ്പോൾ ലഭിച്ചിട്ടുള്ള കണക്കുകൾ. പക്ഷെ, ഇവിടെ ബഹുമാന്യരായ മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ, ആ കണക്കുകൾക്കും അപ്പുറം രജിസ്റ്റർ ചെയ്യാതെയൊക്കെയാണ് വാഹനങ്ങൾ ഓടിക്കുന്നത്. എന്നാൽ അറിയപ്പെടുന്ന 22,000 ബസുകളിൽ 19,806 ബസുകൾ പരിശോധിച്ച് പ്രത്യേക കുട്ടികളുടെ സുരക്ഷ എന്ന സേഫ്റ്റി സ്റ്റിക്കർ ഇതിനകംതന്നെ ഒട്ടിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനുപുറമെ, സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുകയും അത് ട്രാൻസ്പോർട്ട്

ഡിപ്പാർട്ടുമെന്റിന്റെ ജില്ലാതല/സംസ്ഥാനതല നോഡൽ ഓഫീസുമായി കണക്ടിവിറ്റി ഉണ്ടാക്കത്തക്ക വിധത്തിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുകയാണ്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ ബസുകൾക്ക് ഒരു കാലാവധി കൊടുത്തിട്ടുണ്ട്. ഓണാവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്ന മുറയ്ക്ക് ഇപ്പോഴുള്ള വാഹനങ്ങളിൽ പുതിയ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കുന്നില്ലെങ്കിൽ അത്തരം വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതാണെന്ന നിർദ്ദേശവും ഇതിനകംതന്നെ നൽകിയിട്ടുണ്ട്. കൃത്രിമം നടക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. അത് ഇപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. ആ കൃത്രിമം നടക്കുന്നുണ്ടെങ്കിൽ പരിശോധനാ സമയത്ത് കൊണ്ടുവരുന്ന എല്ലാ ഉപകരണങ്ങളോടും കൂടിയ വാഹനങ്ങൾ തന്നെയാണ് പിന്നീടുള്ള ദിവസങ്ങളിലും സ്കൂളിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്നതെന്ന് ഉറപ്പുവരുത്താനുള്ള മിന്നൽ പരിശോധനകൾ നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകുന്നതാണ്.

<u>ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ആഗോള കത്തോലിക്ക സഭ

വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി പ്രഖ്യാപിച്ച ഭാരതത്തിലെ ആദ്യത്തെ വനിതാ രക്തസാക്ഷിയാണ് ഇൻഡോർ റാണി എന്ന നാമത്തിൽ അറിയപ്പെടുന്ന സിസ്റ്റർ റാണി മരിയ. സിസ്റ്റർ റാണി മരിയയുടെ ജന്മനാട് പെരുമ്പാവൂരിലെ രായമംഗലം പഞ്ചായത്തിലെ പുല്ലുവഴി എന്ന സ്ഥലത്താണ്. പുല്ലുവഴി മുൻമുഖ്യമന്ത്രി പി. കെ. വാസുദേവൻ നായരുടെകൂടി നാടാണ്. പുല്ലുവഴിയിലുള്ള ദേവാലയത്തിൽ സിസ്റ്ററുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇടവക ദേവാലായം പുല്ലുവഴി സെന്റ് തോമസ് പള്ളിയാണ്. ഇന്നത് ആഗോള തീർത്ഥാടന കേന്ദ്രമായി ഉയർന്നിരിക്കുകയാണ്. പ്രാർത്ഥിക്കാനും നേർച്ച കാഴ്ചകൾ നിറവേറ്റുന്നതിനുമായി നാനാജാതി മതസ്ഥരായ നൂറുകണക്കിന് വിശ്വാസികളാണ് ദിനംപ്രതി അങ്ങോട്ട് വന്നുകൊണ്ടിരിക്കുന്നത്. സിസ്റ്റർ ഇൻഡോറിൽ വച്ച് രക്തസാക്ഷിത്വം വഹിച്ച ഫെബ്രുവരി 25-ന് എല്ലാവർഷവും വലിയ തിരുനാളായി ഇവിടെ ആചരിക്കപ്പെടുകയാണ്. ഇവിടെ കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസുകൾ മാത്രമാണ് ഇപ്പോൾ നിർത്തുന്നത്. ദീർഘദൂര സൂപ്പർ ക്ലാസ്സ്, ഡീലക്സ് സർവ്വീസുകൾക്ക് സ്റ്റോപ്പ് ഇല്ലായെന്നത് വലിയൊരു പ്രശ്നമാണ്. ആഗോള തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചതുകൊണ്ട് സ്വാഭാവികമായും അവിടെ എല്ലാത്തരത്തിലുള്ള ബസുകൾക്കും സ്റ്റോപ്പ് അനുവദിക്കേണ്ടത്

ആവശ്യമാണ്. ഞാനിത് മുമ്പ് ഉന്നയിച്ചിട്ടുണ്ടെങ്കിലും സ്വാഭാവികമായും ഒരു ബസ് സ്റ്റോപ്പ് അനുവദിക്കുകയെന്നുള്ള ചെറിയ സബ്മിഷൻ മാത്രമല്ല, അവിടെ പൊതുവായുള്ള ഒരു പ്രശ്നമാണിത്. പല രീതിയിലുള്ള നഷ്ടങ്ങൾ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുമെന്നും കാണാം. എന്നിരുന്നാൽപ്പോലും അവിടത്തെ വലിയ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഇത്തരം പ്രശ്നം ചെറിയൊരു കാര്യമായി മാത്രം പരിഗണിക്കാതെ ഇതിൽ അടിയന്തരമായി ഇടപെട്ട് ബഹുമാനപ്പെട്ട മന്ത്രി പോസിറ്റീവായ ഒരു മറുപടി നൽകണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാനൊരു പോസിറ്റീവായ മറുപടി നൽകണമെന്ന അഭ്യർത്ഥനയോടെയാണ് അദ്ദേഹം സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. പുല്ലുവഴി എന്ന സ്ഥലത്ത് സെന്റ് തോമസ് ഇടവക ദേവാലയം സിസ്റ്റർ റാണി മരിയയുടെ തീർത്ഥാടന കേന്ദ്രമായി മാറിയിട്ടുണ്ടെന്നത് നല്ല കാര്യമാണ്. അവിടെ ആഗോള അടിസ്ഥാനത്തിൽ തീർത്ഥാടകർ വരുന്നതും നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാൻ വക നൽകുന്ന നല്ലൊരു മാറ്റംതന്നെയാണ്. പക്ഷെ, അതിന്റെ പ്രാധാന്യം ഒട്ടും കുറച്ചു കാണുകയില്ലെന്നുതന്നെ ഞാൻ ആദ്യം ഉറപ്പുനൽകട്ടെ. ഒരു കാരണവശാലും എനിക്കതിൽ ഒരു നെഗറ്റീവ്

ചിന്തയുമില്ല. പക്ഷെ പ്രശ്നം, അവിടെ കെ.എസ്.ആർ.ടി.സി.-യുടെ വകയായി ഓടുന്ന എല്ലാ ബസുകളും, ഡീലക്സ് ഉൾപ്പെടെ നിർത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. അത്തരം ആവശ്യങ്ങൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്ന ഒരു ജനറലൈസേഷൻ പാടില്ലായെന്നും താങ്കൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓരോ സ്ഥലത്തെയും കാര്യങ്ങൾ പ്രത്യേകം പ്രത്യേകംതന്നെയാണ് പരിഗണിക്കേണ്ടത്. പക്ഷെ, കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നത് യാത്രക്കാരന്റെ മാനസികനില കണക്കിലെടുത്തുകൊണ്ടാണ്. ഒരു ദീർഘദൂര യാത്രക്കാരൻ കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ഡീലക്സിലോ സൂപ്പർ ക്ലാസ്സ് ബസുകളിലോ കയറുന്നത് എല്ലാ സ്റ്റോപ്പുകളിലും നിർത്തുന്ന ബസുകളിൽ യാത്ര ചെയ്യാനല്ല. അതാണ് യാത്രക്കാരന്റെ സൈക്കോളജി. ആ സൈക്കോളജിയിൽനിന്നും വ്യത്യസ്തമായ ഒരു നിലപാട് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചാൽ വലിയ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിലിനോട് മാത്രമല്ല ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ സന്ദർഭം ഞാൻ പ്രയോജനപ്പെടുത്തുകയാണ്. അങ്ങ് പറഞ്ഞതുപോലെ, അവിടെ ഓർഡിനറി ബസുകൾ മാത്രമല്ല നിർത്തുന്നത്. ദീർഘദൂര

സർവ്വീസുകൾ നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ ബസുകൾക്കും അവിടെ സ്റ്റോപ്പ് നൽകാനുള്ള ഏർപ്പാടുകൾ ചെയ്യാം. അതാണ് ഇപ്പോൾ പോസിറ്റീവായി ചിന്തിക്കണമെന്ന് പറഞ്ഞപ്പോൾ എനിക്ക് തോന്നിയിട്ടുള്ളത്. ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് അവിടെ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ആലോചിക്കാം. കേരളത്തിലെ എല്ലാ കേന്ദ്രങ്ങളും പ്രധാനപ്പെട്ടതാണ്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ കോട്ടയ്ക്കലിൽ ഒരു സ്റ്റോപ്പ് വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കോട്ടയ്ക്കൽ ഇതേപോലെതന്നെ ലോക പ്രസിദ്ധമായ ഒരു സ്ഥലമാണ്. കോഴിക്കോടിനും തൃശ്ശൂരിനുമിടയിൽ സ്റ്റോപ്പ് ഇല്ലാത്ത ഒരു റൂട്ടാണത്. പക്ഷെ, അങ്ങനെ ബസുകൾ നിർത്തിത്തുടങ്ങിയാൽ നമുക്ക് വലിയ പ്രയാസമുണ്ടാകും. ആ പ്രയാസങ്ങൾ ഉള്ളതുകൊണ്ടുകൂടിയാണ് യാത്രക്കാരന്റെ മാനസികാവസ്ഥയും പരിഗണിച്ചുകൊണ്ട് ഒരൽപ്പം നെഗറ്റീവായി, പൂർണ്ണമായും നെഗറ്റീവല്ല, എനിക്ക് ചിന്തിക്കേണ്ടിവരുന്നത്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച ആവശ്യം എത്രത്തോളം പോസിറ്റീവാകാമെന്ന് ആലോചിക്കുന്നതാണ്.

ബിനാനി സിങ്ക് ലിമിറ്റഡ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എടയാർ വ്യവസായ

മേഖലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഒരു വൻകിട രാസവ്യവസായ ശാലയാണ് ബിനാനി സിങ്ക് ലിമിറ്റഡ്. 4 വർഷങ്ങൾക്കുമുമ്പ് അത് പൂട്ടിപ്പോകുകയുണ്ടായി. ഗവൺമെന്റുതന്നെ ഇടപെട്ട് അവിടത്തെ തൊഴിലാളികൾക്കും ജീവനക്കാർക്കുമൊക്കെ കോമ്പൻസേഷൻ നൽകുന്ന തീരുമാനം ഉണ്ടായെങ്കിലും അത് ഇന്നേവരെ നടപ്പിലായിട്ടില്ല. പക്ഷെ, അതിലും ഗുരുതരമായ ഒരു പ്രശ്നം അവിടെ സംജാതമായിട്ടുള്ളത്, ഈ ഫാക്ടറി ആരംഭിച്ച കാലം മുതൽ, ഏകദേശം 50 വർഷക്കാലം മുമ്പുമുതൽ അവിടത്തെ മാലിന്യങ്ങൾ കൂട്ടിയിട്ടിരുന്ന 5 പോണ്ടുകളും നിറഞ്ഞുകിടക്കുകയാണ്. അതിന് കഴിഞ്ഞ 4 വർഷക്കാലമായി യാതൊരു മെയിന്റനൻസും കമ്പനി ചെയ്തിട്ടില്ല. അത് ഏത് നിമിഷവും പൊട്ടാവുന്ന സ്ഥിതിവിശേഷമുണ്ട്. അതിനകത്തുള്ളത് സിങ്ക് കോൺസൺട്രേറ്റഡ്, സൾഫ്യൂരിക് ആസിഡ്, കാഡ്മിയം തുടങ്ങിയ രാസപദാർത്ഥങ്ങളാണ്. അത് പെരിയാർ നദി മുഴുവൻ മലിനപ്പെടുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകും. പെരിയാറിന്റെ തീരത്താണ് ഈ ഫാക്ടറിയും ഫാക്ടറിയുടെ മാലിന്യം സൂക്ഷിച്ചിട്ടുള്ള പോണ്ടും എന്നുള്ളത് വളരെ ഗൗരവമായി ഗവൺമെന്റ് കാണണമെന്നതാണ് എന്റെ അഭ്യർത്ഥന. മാത്രമല്ല, ഈ പോണ്ടിന് തൊട്ടടുത്തുതന്നെ ഒരു ഗവൺമെന്റ് ഹൈസ്കൂളും ഉണ്ട്. ആ

സ്കൂളിലെ കുട്ടികൾക്കും ജീവനാശം വരാവുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അത് മാത്രമല്ല, ഈ കമ്പനിയുടെ കാര്യത്തിൽ സാധാരണഗതിയിലുള്ള നടപടിയെടുത്താൽ ഫലപ്രാപ്തിയുണ്ടാകില്ല. ഇതിന്റെ ചെയർമാൻ സ്ഥലംവിട്ടിരിക്കുകയാണ്. ശ്രീ. നീരവ് മോദിയുടെ ഗണത്തിൽപ്പെട്ട ബ്രിഡ്ജ് ബിനാനിയാണ്. ആ ബ്രിഡ്ജ് ബിനാനി ഇപ്പോൾ താമസിക്കുന്നത് ലണ്ടനിലാണ്. അദ്ദേഹത്തെ പിടിക്കാൻ ഗവൺമെന്റ് ശ്രമിച്ചാൽ കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. പക്ഷെ, ഗവൺമെന്റിൽ നിക്ഷിപ്തമായ ചില അധികാരങ്ങളുണ്ട്, ആ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് അവിടെ നടപടി സ്വീകരിക്കുകയും തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന കോമ്പൻസേഷനുകളേക്കാൾ ഉപരി അവിടെയുള്ള രാസമാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. രണ്ടും വളരെ പ്രധാനപ്പെട്ടതാണ്. 4 വർഷമായി തൊഴിലാളികൾ വളരെ ബുദ്ധിമുട്ടിലാണ്. അവർക്ക് കോമ്പൻസേഷൻ കൊടുക്കുന്നതോടൊപ്പംതന്നെ ഈ രാസമാലിന്യങ്ങൾ എത്രയും വേഗം നീക്കം ചെയ്യുന്നതിന് ആഗോളതലത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിക്കുകയും ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ബിനാനി ഇൻഡസ്ട്രീസിന്റെ ഭാഗമായ ബിനാനി സിങ്ക് കമ്പനി ബി.ഐ.എഫ്.ആർ.ന് പരിഗണിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കണമെന്നും തൊഴിലാളികളുടെ വേതനവും അലവൻസുകളും വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചതിനെത്തുടർന്ന് 23-06-2015-ൽ അന്നത്തെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് ചേർക്കുകയുണ്ടായി. എന്നാൽ ആ കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞിരുന്നില്ല. കമ്പനിയുടെ ഉടമസ്ഥൻ ലണ്ടനിലാണ് സ്ഥിരതാമസമെന്നും കമ്പനിയുടെ ഫണ്ടുകൾ തന്റെ മറ്റ് യൂണിറ്റുകളിലേയ്ക്ക് വിന്യസിച്ചതായി 2015-ൽ സർക്കാർ മനസ്സിലാക്കുകയുണ്ടായി. 2017 ഫെബ്രുവരി 6-ാം തീയതി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ മാനേജ്മെന്റുമായി നടത്തിയ കരാർപ്രകാരം 120 ദിവസത്തിനുള്ളിൽ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കണമെന്ന് ധാരണയായിട്ടുള്ളതാണ്. എന്നാൽ തൊഴിലാളി തർക്ക സെറ്റിൽമെന്റും പല കോടതി കേസുകളും ബാങ്ക് വായ്പാകുടിശ്ശികകയുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങളും

തീർപ്പാക്കാനുണ്ട്. കൂടാതെ ബാങ്ക് അധികൃതർ 20-06-2018-ന് കമ്പനി ആസ്തികളും മറ്റും ലേലത്തിൽ വയ്ക്കുന്നതായി കമ്പനി ഡയറക്ടർ അറിയിച്ചതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്പനിയുടെ അസംസ്കൃത വസ്തുക്കളും രാസവസ്തുക്കളും പൂർണ്ണമായും ഉപയോഗിക്കാതെയായിരുന്നു പ്ലാന്റിന്റെ പ്രവർത്തനം നിർത്തിയത്. ആയതുമൂലം കമ്പനിയുടെ വിവിധ പ്ലാന്റുകളിൽ രാസവസ്തുക്കൾ കെട്ടിക്കിടക്കുന്നുണ്ട്. പരിശോധനയിൽ കെമിക്കൽസ് നിറഞ്ഞ പല ടാങ്കുകളും കൂടുതൽ അപകടാവസ്ഥയിലാണെന്നും അവ മഴവെള്ളവുമായി ചേർന്ന് പുഴയിലേയ്ക്ക് എത്തിച്ചേരാനുള്ള സാദ്ധ്യത ഗുരുതരമായ പാരിസ്ഥിതികാവസ്ഥയ്ക്ക് കാരണമാകുമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ യൂണിറ്റിലെ പ്രധാനപ്പെട്ട അസംസ്കൃത വസ്തുവായ സിങ്ക് സൂക്ഷിച്ചിരിക്കുന്ന കെട്ടിടത്തിന്റെ മേൽക്കൂര പല സ്ഥലത്തും ചോരുന്ന നിലയിലാണ്. ഇതും പുഴയിലെത്തിച്ചേർന്ന് അപകടമുണ്ടാകാനുള്ള സാദ്ധ്യത കൂട്ടുന്നുണ്ട്. ഇതുസംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് പല തവണ നിർദ്ദേശം നൽകിയെങ്കിലും കമ്പനി അവ പാലിക്കപ്പെട്ടിട്ടില്ല. കമ്പനി ഇപ്പോൾ പഞ്ചാബ് നാഷണൽ ബാങ്കിൽ അറ്റാച്ച് ചെയ്തിരിക്കുകയാണെന്നും ഇ-ഓക്ഷനായി വച്ചിരിക്കുകയാണെന്നും

അറിയാൻ സാധിച്ചിട്ടുണ്ട്. രാസമാലിന്യങ്ങൾ ഉടനടി നീക്കം ചെയ്യുന്നതിന്റെ ആവശ്യകത ബാങ്കിനെ കമ്പനി അറിയിച്ചെങ്കിലും നടപടിയെടുക്കാത്ത സാഹചര്യത്തിൽ നിയമ നടപടികൾ സ്വീകരിക്കാനുള്ള സാദ്ധ്യത മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചുവരികയാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ മലിനീകരണവുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കാനും അപകടങ്ങൾ ഒഴിവാക്കാൻ സത്വര നടപടികളെടുക്കാനും ജില്ലാ കളക്ടർക്കും മലിനീകരണ നിയന്ത്രണ ബോർഡിനും നിർദ്ദേശം നൽകുകയും അടിയന്തരമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

കാട്ടാന ആക്രമണം

ശ്രീ. ഷാഫി പറമ്പിൽ: സർ, വളരെ ഖേദകരമായ ഒരു സാഹചര്യത്തിലാണ് ഈ സബ്മിഷൻ അടിയന്തരമായി സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായി വന്നത്. പെട്ടെന്നുണ്ടായ ഒരു കാര്യമായിട്ടുപോലും അങ്ങ് മറുപടി പറയാമെന്നേറ്റതിൽ ഞാൻ നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇന്നലെയും പ്രഭാകരൻ എന്ന 51 വയസ്സുകാരനായ ഒരു സാധാരണ തൊഴിലാളി മുണ്ടൂർ-പുതുപ്പരിയാരം-മുട്ടിക്കുളങ്ങര മേഖലയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് ആ

പ്രദേശത്തെ ജനങ്ങൾക്കിടയിലാകെ പരിഭ്രാന്തി പരത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ ഇന്നലെ അങ്ങുമായി ഫോണിൽ സംസാരിച്ച് നടപടിയെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചതായി അറിഞ്ഞു. ആ നിയോജക മണ്ഡലത്തിൽ മാത്രം ആറോ ഏഴോ ആളുകൾ കാട്ടാനയുടെ ആക്രമണത്തിൽ അടുപ്പിച്ചടുപ്പിച്ച് കൊല്ലപ്പെടുകയാണ്. കഴിഞ്ഞ ഒരു ദശകത്തിനപ്പുറമായി മുപ്പതിലധികം ആളുകൾ പാലക്കാട് ജില്ലയിൽ ആനകളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരിക്കുകയാണ്. സർക്കാർതന്നെ നിയമസഭയിലെ ഒരു ചോദ്യത്തിനുള്ള ഉത്തരമായി തന്ന കണക്കിൽ ഏറ്റവും കൂടുതൽ ആളുകൾ ആനയുൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നത് പാലക്കാടാണെന്ന് പറഞ്ഞിരിക്കുകയാണ്. ഇത് വല്ലാത്ത പരിഭ്രാന്തി അവിടെ സൃഷ്ടിച്ചിരിക്കുകയാണ്. ആളുകൾ റോഡ് ഉപരോധിക്കുന്നതുൾപ്പെടെയുള്ള ഇമോഷണലായ നടപടികളിലേയ്ക്ക് പോകേണ്ടിവരുന്നത് അവർക്ക് ഒരു കൃഷിയും ചെയ്യാൻ കഴിയാത്തതുകൊണ്ടാണ്. കൃഷി മുഴുവനായി നശിപ്പിക്കുകയാണ്. കൃഷിയിൽനിന്നും ആളുകൾ മടങ്ങിപ്പോകുന്നുവെന്ന് മാത്രമല്ല, അവസാനം വീട്ടിലുള്ള മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ വെട്ടിമാറ്റുകയോ അല്ലെങ്കിൽ

അതിൽ കായ്ക്കുന്ന ഫലങ്ങൾ പഴുക്കുന്നതിനുമുമ്പ് അറുത്തിടുകയുമാണ്, കാരണം ഇത് പഴുത്താൽ തീറ്റതേടി ആനകൾ വരുമോയെന്ന് ഭയന്ന്. ബഹുമാനപ്പെട്ട കോങ്ങാട് മെമ്പർ ശ്രീ. കെ. വി. വിജയദാസിന് ഇതിനെപ്പറ്റി അറിയാം. അദ്ദേഹം ഈ വിഷയം പറയും. 2017 ഓഗസ്റ്റ് 2-ാം തീയതി പുറത്തിറങ്ങിയ ആന ഒൻപത് ദിവസം നാട്ടിലായിരുന്നു. ഹൈവേയിലൂടെ കിലോമീറ്ററുകളോളം സഞ്ചരിച്ച് ഓരോ വീട്ടിലും കയറി കൃഷിയും തോന്നിയതൊക്കെ നശിപ്പിച്ചതിനാലും ഉറക്കമൊഴിച്ച് ആളുകളും വകുപ്പും അതിന്റെ പുറകിൽ നിന്നു. ഒൻപത് ദിവസം കഴിഞ്ഞാണ് ഈ ആന കാട്ടിലേയ്ക്ക് മടങ്ങി പോയത്. കഴിഞ്ഞ സീസണായ 2018 ഫെബ്രുവരി 2-ന് വീണ്ടും ആനകളിറങ്ങി. സാധാരണ ആന ഇറങ്ങുന്നത് വനപ്രദേശവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലായിരുന്നുവെങ്കിൽ ഇപ്പോൾ ഒലവക്കോട് റെയിൽവെ സ്റ്റേഷനിൽ വരെ ആനകൾ വന്നു, വ്യാപാരികളെ കടയിൽ കയറി പരിക്കേൽപ്പിച്ചു. ഒരാൾ കടയുടെ ഷട്ടർ താഴ്ത്തി എങ്ങനെയോ ജീവനും കൊണ്ടു രക്ഷപ്പെടുകയായിരുന്നു. മലമ്പുഴ-കഞ്ചിക്കോട് റൂട്ടിൽ സ്ഥിരമായി ആനയുടെ ആക്രമണമുണ്ടാകുകയാണ്. സ്വാമിനാഥൻ എന്നൊരാൾ ബൈക്കിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് വന്ന് അയാളെ അപകടപ്പെടുത്തി, അയാൾ മരിച്ചു. അവിടെയൊരു ഇഷ്ടികക്കളത്തിൽ

തമിഴ്നാട്ടിൽ നിന്നും പണിക്കുവന്ന ഒരു കുടുംബം താമസിച്ചിരുന്ന ടെന്റിനകത്തേയ്ക്ക് കയറി അവിടെ കിടന്നിരുന്ന ഒരു സ്ത്രീയെ ആന ചവിട്ടിക്കൊന്നു. ഇത് നിരന്തരം അവിടെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എത്ര ജാഗ്രതാ നിർദ്ദേശം കൊടുത്തിട്ടും ഡിപ്പാർട്ടുമെന്റ് പടക്കം പൊട്ടിച്ച് മടക്കി അയക്കാൻ നോക്കിയിട്ടും അത് സാദ്ധ്യമാകുന്നില്ല. ആളുകൾ വല്ലാത്ത ഭീതിയിലും ഭയത്തിലുമാണ്. ആന ഒരു പ്രദേശത്തുമാത്രമല്ല, അവിടെയുള്ള നിയോജക മണ്ഡലങ്ങളിലെല്ലാം കറങ്ങി ആലത്തൂർ, മാത്തൂർ, വഴി ചുങ്കമന്ദത്തെത്തി. തിരിച്ച് ആലത്തൂരിൽ എത്തിയതിനുശേഷം വീണ്ടും അതേ റൂട്ടിലൂടെ സഞ്ചരിച്ചു. എല്ലാ വർഷവും ഇതേ സീസൺ ആകുമ്പോൾ ആന ഇറങ്ങുന്നത് മനുഷ്യന്റെ ജീവനും കൃഷിക്കും സ്വത്തിനുമൊക്കെ അപകടം സൃഷ്ടിച്ചിരിക്കുന്ന ഒരു സാഹചര്യമാണ്. അങ്ങ് ഇടപെടുന്നില്ലായെന്ന് അല്ല, അടിയന്തരമായി അവിടെ സന്ദർശിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കണം. എൽ.ഇ.ഡി. ഫ്ലാഷ് ലൈറ്റ് സ്ഥാപിക്കുന്നത് പല സ്ഥലത്തും ഗുണകരമാണെന്ന പത്രവാർത്തകൾ കണ്ടു. ഇവിടെ എൽ.ഇ.ഡി. ലൈറ്റ് കൃഷി വകുപ്പ് അനുവദിച്ചുവെങ്കിലും സ്ഥാപിക്കുവാൻ ഫണ്ടിന്റെ പോരായ്മയുണ്ട്. വന്യജീവികളുടെ ശല്യത്തെ അതിജീവിക്കാനുള്ള നടപടിക്രമങ്ങൾക്കായി

കിഫ്ബിയിൽ ഫണ്ട് അനുവദിച്ചുവെന്ന് അങ്ങ് പറയുകയുണ്ടായി. ആ ഫണ്ട് മറ്റ് വികസന പ്രവൃത്തനങ്ങളെപ്പോലെയല്ല, ഇത് മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതുമായി ബന്ധപ്പെട്ട കാര്യമാണ്, അതിന് പ്രത്യേക മുൻഗണന നൽകി ആ ഫണ്ട് അടിയന്തരമായി വിനിയോഗിക്കാനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട കോങ്ങാട് മെമ്പറുടെ മണ്ഡലത്തിലും ആന ശല്യം വ്യാപകമായിട്ടുണ്ട്. ആ വിഷയം അദ്ദേഹം അവതരിപ്പിക്കും. പാലക്കാട് ജില്ലയിലെ മുണ്ടൂരിലേയും പുതുപ്പെരിയാറിലേയും ഒക്കെ ജനങ്ങൾ ഭീതിയിലാണ്. അതുകൊണ്ട് അടിയന്തരമായ ഇടപെടലും പരിഹാരവുമുണ്ടാകണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, പാലക്കാട് ജില്ലയിൽ ഇത് ആദ്യ സംഭവമല്ല. കുറെ വർഷമായി ആനയ്ക്ക് പാലക്കാട് ജില്ലയോട് ഒരു പകയുള്ളതുപോലെ മുഴുവൻ ആനകളും പാലക്കാട് ജില്ലയിൽ കോങ്ങാട്, മലമ്പുഴ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് നിൽക്കുകയാണ്. പ്രഭാകരൻ എന്ന സി.ഐ.ടി.യു. ചുമട്ടുതൊഴിലാളിയെ ചവിട്ടിക്കൊന്ന ഈ ആന ഇതിനുമുമ്പും രണ്ടുപേരെ ചവിട്ടി കൊന്നിട്ടുണ്ട്. ഇത് മൂന്നാമത്തെ ആളെയാണ് ഈ ആന ചവിട്ടി കൊല്ലുന്നത്. ഈ ആനയെ ഏതെങ്കിലുംതരത്തിൽ നാട്ടാനയാക്കി മാറ്റി ഇണക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോയെന്ന്

പരിശോധിക്കണം. ഇന്നലെ ഇതിന്റെ കൂടെ വന്ന ഒരാന അവിടെയുള്ള ഒരു റേഷൻ കട തകർത്ത് അവിടെയുണ്ടായിരുന്ന റേഷനരിയൊക്കെ കഴിച്ചിട്ട് പോയി. റേഷൻ കട നോക്കിവന്ന് അവിടെയുണ്ടായിരുന്ന അരി കഴിച്ചിട്ട് മടങ്ങിപ്പോയി. അത്തരത്തിലുള്ള ആനകളാണ് അവിടെയുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി പാലക്കാട് ജില്ലയിലെ എം.എൽ.എ-മാരുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചു ചേർത്ത് ഈ ആനയെ എങ്ങനെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കാമെന്നതിനെ സംബന്ധിച്ച് വിശദമായ ഒരു ചർച്ചകൂടി നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാലക്കാട് ജില്ലയിൽ മാത്രമല്ല, കഴിഞ്ഞ ദിവസം ഉടുമ്പൻചോലയിൽ ഒരാളിനെ ആന ചവിട്ടിക്കൊന്നുവെന്ന് പറഞ്ഞ് നാട്ടുകാരെല്ലാംകൂടി വലിയ പ്രക്ഷോഭത്തിലായിരുന്നു. അവർ എന്നെ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ബന്ധപ്പെടാൻ ശ്രമിച്ചുവെങ്കിലും കിട്ടിയില്ല. വയനാട്ടിൽ വളരെ നാളുകളായി സ്ത്രീകളടക്കമുള്ളവർ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. കാരണം കുങ്കി ആനകളെ കൊണ്ടുവന്ന് ഇവയെ ഓടിക്കാൻ കഴിയുമെന്നാണ് പറയുന്നത്. ഇതൊരു വലിയ

പ്രശ്നമായി മാറിയിരിക്കുകയാണ്. വയനാട്ടിൽ, ആളുകൾ ഹർത്താൽവരെ പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു. പിന്നീട് ഞങ്ങളെല്ലാംകൂടി ഇടപെട്ടതിനുശേഷമാണ് ഹർത്താൽ മാറ്റി വയ്ക്കാൻ തീരുമാനിച്ചത്. ഇതൊരു വലിയ പ്രശ്നമാണ് അടിയന്തരമായി ഈ കാര്യത്തിൽ ഇടപെടണമെന്നാണ് പറയുന്നത്. റേഷൻ കടയിൽ പോയ ആന ഇനി ഒരിക്കൽക്കൂടി അവിടേയ്ക്ക് പോകത്തില്ല. അതിന് അവിടെനിന്നും ഒന്നും കിട്ടിക്കാണില്ല.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ വി. എസ്. അച്ചുതാനന്ദൻ, അദ്ദേഹത്തിന്റെ മണ്ഡലമായ പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിലെ മുണ്ടൂർ പഞ്ചായത്തിൽ ഇന്നലെ വൈകിട്ട് അഞ്ച് മണിക്കുശേഷം ഇങ്ങനെയൊരു സംഭവം നടന്നുവെന്ന വിവരം വളരെ പെട്ടെന്നുതന്നെ എന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അടിയന്തരമായി ജാഗ്രതയോടുകൂടി ഇക്കാര്യത്തിൽ ഇടപെടണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഇപ്പോൾ അദ്ദേഹം ഇവിടെ ഹാജരില്ല. ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. കെ. വി. വിജയദാസ്, പ്രതിപക്ഷ നേതാവ് എന്നിവരെല്ലാം പറഞ്ഞ വിഷയം വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. ഇന്ന് കേരളത്തിലെ വന മേഖലയിലാകെയുള്ള ഒരു പ്രശ്നമാണിത്. നേരത്തെയെല്ലാം വനത്തിനുള്ളിൽനിന്ന് ഇറങ്ങിയാലും

അതിർത്തി പ്രദേശങ്ങളിൽ ചില പ്രശ്നങ്ങൾ സൃഷ്ടിച്ച് തിരിച്ചുപോകുന്ന ആന ഇപ്പോൾ അങ്ങനെ തിരിച്ചു പോകുന്നില്ല. വരുന്ന ആനകൾ അവിടെത്തന്നെ നിൽക്കുന്ന സ്ഥിതിയുണ്ട്. പാലക്കാട് നേരത്തെയുണ്ടായൊരു സംഭവത്തിൽ ഏതാണ്ട് 40 കിലോമീറ്ററോളം വനാതിർത്തി കഴിഞ്ഞാണ് ആനകൾ ജനവാസ മേഖലയിലേയ്ക്ക് വന്നത്. നാലഞ്ച് ദിവസത്തെ പരിശ്രമത്തിന്റെ ഫലമായി നാട്ടുകാരും വനംവകുപ്പ് ഉദ്യോഗസ്ഥരും ആദിവാസികളും എല്ലാവരുംകൂടി പരിശ്രമിച്ചാണ് അന്ന് അവയെ വനത്തിനുള്ളിലേയ്ക്ക് കയറ്റി വിട്ടത്. എന്നാൽ ഇപ്പോൾ വീണ്ടും അത്തരത്തിലുള്ള ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളത് ശരിയാണ്.

പാലക്കാട് മുണ്ടൂർ വാളയോട് പ്രഭാകരൻ എന്ന 45 വയസ്സുള്ള ചുമട്ടുതൊഴിലാളി ഇന്നലെ വൈകുന്നേരം 5.30-ന് ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെടുകയുണ്ടായി. ആനകൾ വനത്തിന് പുറത്തിറങ്ങിയത് മനസ്സിലാക്കി R.R.T. (Rapid Response Team) അവിടെ വേണ്ടത്ര മുൻകരുതലുകൾ സ്വീകരിച്ചിരുന്നു. ആന ജനവാസ മേഖലയിൽ ഇറങ്ങുന്നു എന്നുള്ളത് രാവിലെത്തന്നെ മനസ്സിലാക്കിക്കൊണ്ട് ജനങ്ങളോട് അങ്ങോട്ട് പോകരുതെന്ന നിർദ്ദേശം വനംവകുപ്പിലെ ഉദ്യോഗസ്ഥൻമാർ നൽകിയിരുന്നു. ജനങ്ങളെ അവിടേയ്ക്ക് പോകുന്നത് വിലക്കുകയും

ചെയ്തിരുന്നു. ആനകൾ ഇത്തരത്തിൽ വനത്തിന് പുറത്തിറങ്ങുമ്പോൾ ജനങ്ങൾ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളുംകൂടി പാലിക്കാൻ തയ്യാറാകേണ്ടതുണ്ട്. ഇന്നലെ നാലുപേർ, മരണപ്പെട്ട ആൾ ഉൾപ്പെടെയുള്ള നാലുപേർ ആന തിരിച്ചുപോയോ എന്ന് നോക്കാനായി പോയി. അതിൽ മൂന്ന് പേർ മാത്രമേ തിരിച്ചുവന്നുള്ളൂ. ഒരാൾ ആനയുടെ ആക്രമണത്തിന് വിധേയനായി. അതാണ് ഉണ്ടായ സംഭവം. മരണമടഞ്ഞ പ്രഭാകരൻ എന്നയാളുടെ കുടുംബത്തിന് മൊത്തം 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാം. കഴിഞ്ഞ ഏപ്രിൽ 1 മുതൽ 5 ലക്ഷം രൂപ എന്നുള്ളത് 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൽ 5 ലക്ഷം രൂപ ഉടൻതന്നെ കൊടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കി 5 ലക്ഷം രൂപ ബന്ധുത്വ സർട്ടിഫിക്കറ്റ് കിട്ടുന്ന മുറയ്ക്ക് നൽകാനുള്ള തീരുമാനമാണ് അക്കാര്യത്തിൽ എടുത്തിട്ടുള്ളത്. അത് അവിടെ അറിയിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർ, വനംവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി ഞാൻ ബന്ധപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ അവരോട് അങ്ങോട്ട് പോകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ജനങ്ങൾ വയലന്റാണ്. ഇതുകൂടാതെ സംസ്കാരവും പോസ്റ്റ്മോർട്ടവുമായി ബന്ധപ്പെട്ടുവരുന്ന ചെലവുകൾ വനംവകുപ്പുതന്നെ വഹിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ

നൽകിയിട്ടുണ്ട്.

കേരളത്തിൽ, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ വർദ്ധിച്ചു വരുന്ന ആന ആക്രമണങ്ങൾ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയാത്തത് ആവശ്യത്തിന് പരിശീലനം ലഭിച്ച കുങ്കിയാനകൾ ഇല്ലാത്തതുകൊണ്ടാണ്. അത് മനസ്സിലാക്കി കേരളത്തിൽനിന്നും ഏതാനും ആനകളെ കുങ്കി പരിശീലനത്തിന് അയയ്ക്കാൻ തീരുമാനിച്ചു. മിടുക്കും ശരീര ബലവും വലിപ്പവുമുള്ള ആനകളെയാണ് കുങ്കിയാനകളാക്കുന്നത്. അങ്ങനെയുള്ളവയെ കുങ്കിയാനകളാക്കിയെങ്കിൽ മാത്രമേ അവയെ ഉപയോഗിച്ച് കാട്ടാനകളെ അകത്തേയ്ക്ക് തുരത്താൻ കഴിയുകയുള്ളൂ. അത്തരത്തിൽ മിടുക്കരായ ആനകളെ കുങ്കിയാന പരിശീലനത്തിന് കൊണ്ടുപോകാൻ പോയപ്പോൾ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ചേർന്ന് അത് തടഞ്ഞു. നമ്മുടെ സഭയിലെ അംഗമുൾപ്പെടെ ചേർന്ന് ഈ ആനകളെ തടഞ്ഞു. അത്തരമൊരു പ്രവണത ശരിയല്ല. ആനപ്രേമികളായവരെ പറഞ്ഞ് ബോധ്യപ്പെടുത്തി പരിശീലനത്തിന് കൊണ്ടുപോകുന്നതിന് ആവശ്യമായ സമീപനമാണ് ജനപ്രതിനിധികൾ അക്കാര്യത്തിൽ സ്വീകരിക്കേണ്ടത്. അവരുംകൂടി ജനങ്ങളോടൊപ്പംനിന്ന് അത്തരമൊരു നിലപാട് സ്വീകരിച്ചാൽ ഈ പരിശീലനത്തിന് ആനകളെ കൊണ്ടുപോകാൻ സാധിക്കാതെ വരും.

ഏതായാലും, ഈ പറഞ്ഞ തടഞ്ഞ ആനകളെ ഉൾപ്പെടെ മൂന്ന് ആനകളെ ഇപ്പോൾ പരിശീലനത്തിനുവേണ്ടി തമിഴ്നാട്ടിലേയ്ക്ക് അയച്ചിട്ടുണ്ട്. അവിടെ അതിന്റെ പരിശീലനം നടന്നുവരികയാണ്. തമിഴ്നാട്ടിലെ മുതലമലയിൽ എത്തിച്ച് പരിശീലനം നൽകിവരുന്നുണ്ട്. ആവശ്യത്തിന് പരിശീലനം കഴിഞ്ഞ കുങ്കിയാനകളെ ലഭ്യമാകുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. കുങ്കിയാനകളെ കണ്ടാൽത്തന്നെ കാട്ടാനകൾ തിരിച്ചുപോകും എന്നാണ് അനുഭവസ്ഥർ പറയുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ആനകൾക്ക് ആഹാരവും വെള്ളവും കിട്ടാത്തതുകൊണ്ടാണ് അവ നാട്ടിലേയ്ക്ക് ഇറങ്ങുന്നതിന് ഒരു പ്രധാനപ്പെട്ട കാരണം. പരിമിതമായ കാട്ടിനുള്ളിൽ കൂടുതൽ ഭക്ഷണങ്ങളും വെള്ളവുമൊക്കെ ആനയ്ക്ക് ലഭ്യമാക്കാനുള്ള നടപടി ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, അതിനെക്കുറിച്ച് പറയാം. പാലക്കാട് ഇറങ്ങിയതിൽ പ്രശ്നക്കാരനായ ആനയെ മയക്കുവെടിവയ്ക്കാനും റേഡിയോ കോളർ ഘടിപ്പിക്കാനും ആവശ്യമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. തുടർന്ന് അതിനെ നിരീക്ഷിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും. അതിനെല്ലാംകൂടി വേണ്ടി അങ്ങ് നിർദ്ദേശിച്ചതുപോലെ പാലക്കാട്

ജില്ലയിലെ വനമേഖലയുമായി ബന്ധപ്പെട്ടുള്ള നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെയും വനം വകുപ്പിലെ വൈൽഡ് ലൈഫ് വാർഡനടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെയും ഒരു യോഗം പാലക്കാട് വച്ച് നടത്താം. ഞാനും അതിൽ പങ്കെടുക്കാം. അത്തരത്തിലൊരു യോഗം വിളിച്ചുചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കാം. ഇത് പാലക്കാട്ടേയ്ക്ക് മാത്രമായി ചുരുക്കേണ്ട കാര്യമല്ല. ഇന്നിപ്പോൾ വനമേഖലകളുള്ള എല്ലാ ജില്ലകളിലും അത്തരമൊരു യോഗത്തിന്റെ ആവശ്യമുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, എന്റെ മണ്ഡലത്തിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്.

<u>ശ്രീ. കെ. രാജു</u>: സർ, കണ്ണൂരിൽ അങ്ങ് പറഞ്ഞ ആനയെ പിടിച്ചിട്ടുണ്ട്. അതിപ്പോൾ കൂട്ടിലാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ യഥാർത്ഥത്തിൽ വെള്ളത്തിന്റെ പ്രശ്നമില്ല. വെള്ളം കിട്ടാത്തതുകൊണ്ടാണ് വന്യജീവികൾ വരുന്നതെന്ന് ഇന്നത്തെ സാഹചര്യത്തിൽ പറയാൻ സാധിക്കില്ല. എന്നാൽ ഭക്ഷണത്തിന്റെ ലഭ്യതക്കുറവുണ്ട് എന്നുള്ളത് ശരിയാണ്. വനത്തോട്

ചേർന്നുള്ള പ്രദേശങ്ങളിൽ ഇഷ്ടംപോലെ കൃഷിയുള്ളതുകൊണ്ട് നല്ല ഭക്ഷണം കിട്ടുമെന്ന് ആനയെപ്പോലുള്ള ജീവികൾക്ക് അറിയാം. അതുകൂടി മനസ്സിലാക്കിക്കൊണ്ടാണ് ആനകൾ വരുന്നത്. നമ്മളിവിടെ ലുക്ക്ഔട്ട് നോട്ടീസും ആനയെ പിടിക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ച കാര്യമൊന്നും ആനയ്ക്കറിയില്ലല്ലോ. ആനകൾ നിരന്തരമായി വന്നുകൊണ്ടിരിക്കുന്ന സ്ഥിതിയുണ്ട്. അത്തരം പ്രശ്നങ്ങൾ പരമാവധി പരിഹരിക്കുന്നതിനുവേണ്ടി കുങ്കിയാനകളുടെ സേവനം പ്രയോജനപ്പെടുത്താനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. നമ്മൾ എല്ലാവരുംകൂടി ചേർന്ന് സഹകരിച്ച് ആനകളെ വനത്തിനുള്ളിലേയ്ക്ക് അയപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാം.